നിങ്ങളുടെ പഴയ ജീവിതരീതിയിൽ നിന്നും
രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ
കലുഷിതനായ പഴയ മനുഷ്യനെ
ദൂരെ എറിയുവിൻ

എഫേസോസ് 4 : 22



# ടച്ച് മീ

TOUCH ME

ജനുവരി 2023

സ്നേഹസ്മരണയ്ക്ക്...

# 4-ാം
# ചരമ വാർഷികം

27 - 01 - 2023



കിഴക്കൂട്ട് ദേവസ്സി വൈദ്യർ മകൻ

## ജോസഫ്

(കിഴക്കൂട്ട് ഔഷധശാല)

സ്നേഹപൂർവ്വം : കുടുംബാംഗങ്ങൾ




# ടച്ച് മീ
TOUCH ME

**പാരിഷ് ബുള്ളറ്റിൻ**

പുസ്തകം : 15 – 2023 ജനുവരി – ലക്കം : 5

സെന്റ്. സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്,
കുന്നംകുളം 680 503
മറ്റം ഫൊറോന – തൃശ്ശൂർ അതിരൂപത

kunnamkulamch@adtcr.org
www.touchmekkm.in

ESTD : 1747




## എഡിറ്റോറിയൽ ബോർഡ്


ചീഫ് എഡിറ്റർ
**ഫാ. ദാവീദ് വിതയത്തിൽ**
✆70120 43479

എഡിറ്റർ
**ജോണി ബെപ്പോ**
✆93493 79009

സബ്ബ് എഡിറ്റേഴ്സ്
**സിസ്റ്റർ ഗീതിമരിയ** CMC
✆94958 55603

**M.K. ദേവസ്സി**
✆94953 28758

**ജോൺസൺ പാവു**
✆94476 54230

സെക്രട്ടറി, ഇടവക PRO
**V.C. ജോസി**
✆98470 17297
E-mail : vcjosy@gmail.com

ട്രഷറർ
**M.L. സുനിൽ**
✆98464 34411

അംഗങ്ങൾ
ഡോ. പോൾ C. റാഫേൽ ✆94467 22050
ജോയ്സി തോംസൺ തച്ചിൽ ✆81295 34205
ബിന്ദു രാജു ✆98478 31110
ആനന്ദി സുനിൽ ✆94958 55053

കൈക്കാരന്മാർ
**എൻ.ജെ. ജെയ്മോൻ** ✆88489 29956
**കെ.ജെ. ജെയ്സൺ** ✆99476 59286
**ജോസ് കിരൺ** ✆85476 68766


## താളുകൾ മറിയ്ക്കുമ്പോൾ


| | |
|---|---|
| എഡിറ്റോറിയൽ | 2 |
| ഇടയമൊഴി | 3 |
| പഴയ തിരുനാൾ ഓർമ്മ | 4 |
| വിശ്വാസപരിശീലനം | 5 |
| സംയുക്ത തിരുനാൾ | 6 |
| ക്രിസ്തുമസ് മത്സരങ്ങൾ | 8 |
| സഭാ വാർത്തകൾ | 9 |
| സ്വർഗ്ഗം നമ്മുടെ ലക്ഷ്യം | 11 |
| കുട്ടികളിലെ പഠനവൈകല്യങ്ങൾ | 13 |
| നൂറ്റാണ്ടുകളെ .... | 15 |
| ഓർമ്മിക്കേണ്ട ദിനങ്ങൾ | 17 |
| ബോൺ മാരോ, എന്താണ് .... | 18 |
| ഇന്ന് സമൂഹത്തിൽ സ്ത്രീകളുടെ.. | 25 |
| ബൈബിളിലൂടെ | 27 |
| നിറംകൊടുക്കാമോ | 29 |
| ചിത്രശാല | 30 |
| അടിക്കുറിപ്പ് മത്സരം | 31 |
| വചന കലണ്ടർ | 32 |


## വിശുദ്ധ കുർബാന

**ഞായർ 6.00 am & 9.00 am**
**സാധാരണ ദിവസം 6.30 am**

## എഡിറ്റോറിയൽ...

"നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും സ്നേഹിക്കുക"

ടിബറ്റൻ സന്യാസിമാരെക്കുറിച്ച് ഒരു കഥയുണ്ട്. എപ്പോഴെങ്കിലും ഹിമപാതമോ കൊടുങ്കാറ്റോ ഉണ്ടായാൽ സന്യാസിമാർ ഉടനെ കടലാസിൽ നിന്ന് കുതിരകളെ വെട്ടിയെടുക്കും. ആ കടലാസുകുതിരകളുമായി അവർ ഉടനെ ആശ്രമത്തിന്റെ മുകളിലെത്തും. കൊടുങ്കാറ്റിലും ഹിമപാതത്തിലും ആർക്കും ഒരു അപകടവും പിണയരുതെന്ന് പ്രാർത്ഥിച്ചുകൊണ്ട് കടലാസ് കുതിരകളെ അവർ കാറ്റിൽ പറത്തിവിടും. എന്തിനാണെന്നൊ ആ കടലാസ് കുതിരകൾ യഥാർത്ഥ കുതിരകളായി മാറി വഴിപോക്കരെ എത്രയുംവേഗം ലക്ഷ്യസ്ഥാനത്തെത്തിക്കുവാൻ. ടിബറ്റൻ സന്യാസിമാർ പറത്തിവിട്ട കടലാസുകുതിരകളിലൊന്നെങ്കിലും യഥാർത്ഥ കുതിരയായി മാറുകയോ വഴിപോക്കരെ ലക്ഷ്യസ്ഥാനത്തെത്തിക്കുകയോ ചെയ്തിട്ടുണ്ടാവില്ല. പക്ഷെ, അവരുടെ മാതൃക നമുക്ക് പ്രചോദനമേകണം.

പുതുവർഷത്തിൽ, മറ്റുള്ളവരുടെ സുസ്ഥിതിയിൽ അവർക്കുള്ള ആത്മാർത്ഥമായ താൽപര്യം നമ്മെ മറ്റുള്ളവരെ സ്നേഹിക്കുവാൻ പ്രേരിപ്പിക്കണം. നമ്മുടെ ഓരോ വാക്കിനും പ്രവൃത്തിക്കും നന്മയാകുന്ന പൂന്തോട്ടമൊരുക്കി പുതുജന്മമേകണം. സ്നേഹം, കരുണ, ദയ, സേവനം, നീതി തുടങ്ങിയ സനാതന മൂല്യങ്ങളെ ബലികഴിച്ചിട്ട് അപ്രധാന മൂല്യങ്ങൾ അനുസരിക്കുന്നതും ബുദ്ധിപൂർവ്വകമല്ല.

വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ദിവ്യകാരുണ്യ ഭക്തനും, CMC സഭാ സ്ഥാപകനും ആണെന്നതിലുമുപരി, തികഞ്ഞ മനുഷ്യസ്നേഹികൂടിയായിരുന്നു. അദ്ദേഹത്തിന്റെ തിരുനാൾ ആചരണം വഴിനാം സ്വായത്തമാക്കേണ്ട പുണ്യവും പരസ്നേഹമാണെന്നതിൽ തർക്കമില്ല. കുന്നംകുളം ഇടവക ജനം വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ആഘോഷിക്കുമ്പോൾ ബാഹ്യമായ താളമേളങ്ങളേക്കാൾ പാവപ്പെട്ടവർക്കും നിർദ്ധനർക്കുമായി എന്തെങ്കിലും പരിപാടികളും കാരുണ്യപ്രവൃത്തികളും ചെയ്യുമ്പോഴാണ്, വിശുദ്ധന്റെ മാധ്യസ്ഥ്യം വഴി നമ്മുടെ കുടുംബങ്ങൾ കൃപാസമൃദ്ധമാകുന്നത് എന്ന കാര്യം മറക്കാതെ ഓർത്തിരിക്കാം. സ്നേഹം കൂടാതെ ദാനം ചെയ്യാൻ സാധിയ്ക്കും. എന്നാൽ ദാനം കൂടാതെ സ്നേഹിക്കാൻ സാധിക്കയില്ല. "പണവും പാരമ്പര്യവുമല്ല, കുലീനമായ പെരുമാറ്റമാണ് മനുഷ്യനെ മഹാനാക്കുന്നത്" എന്ന് ഓർക്കാം 2023 വർഷം തിളക്കമാർന്നതാകാൻ യത്നിക്കാം.

ഏവർക്കും ഇടവക തിരുനാളിന്റേയും പുതുവർഷത്തിന്റേയും ആശംസകൾ നേർന്നുകൊണ്ട്,

ടച്ച് മീ
TOUCH ME
*എഡിറ്റോറിയൽ ബോർഡ്*



# ഇടയമൊഴി

## പെൻസിൽ

പെൻസിൽ - പുസ്തകത്താളിൽ
അക്ഷരം കുറിയ്ക്കാൻ...
കുഞ്ഞു വിരലുകൾക്കിടയിൽ
ഇറുകിപ്പിടിച്ച എഴുത്തുപകരണം.
എഴുത്തും, വെട്ടിതിരുത്തും
മാച്ചെഴുതലും നിർബാധം തുടർന്നു.
എഴുതിയത് പലതും തെറ്റായിരുന്നു...
പെൻസിൽ തിരിച്ച് പിടിച്ച്
പിന്നിലെ റബ്ബർ കൊണ്ട് സാവധാനം മായിച്ചു.
വീണ്ടും എഴുതി, പല പ്രാവശ്യം.
അതൊരു വളർച്ചയായിരുന്നു...
ശരിയിലേക്കുള്ള വളർച്ച...
ഒരു വർഷം പിന്നിടുമ്പോൾ...
ജീവിത പുസ്തകത്തിൽ,
നാം എഴുതിയത് പലതും തെറ്റായിരുന്നോ?
എങ്കിൽ നമുക്ക് മായ്ക്കാം...
തിരുത്തിയെഴുതാം പുതിയ വർഷത്തിൽ...
ദൈവാനുഗ്രഹം നിറഞ്ഞ
പുതുവത്സരാശംസകൾ...

*സസ്നേഹം*
**ദാവീദച്ചൻ**



# പഴയ തിരുനാൾ ഓർമ്മ

**അബിൻ സി.എസ്.**

ജനുവരി 20-ാം തിയ്യതിയാണ് വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ദിനം കൊണ്ടാടിയിരുന്നത്. ചിറളയം വിശുദ്ധ സെബസ്ത്യാനോസിന്റെ തിരുനാൾ ജനുവരി 20-ാം തിയ്യതിയോ അല്ലെങ്കിൽ 20-ാം തിയ്യതി കഴിഞ്ഞുവരുന്ന ഞായറാഴ്ചയോ ആണ് ആഘോഷിച്ചിരുന്നത്. അന്നത്തെ കാലഘട്ടത്തിൽ കക്കാട് വിഭാഗം, ചിറളയം വിഭാഗം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തിരുനാൾ തലേദിവസം ശനിയാഴ്ച കാലത്ത് പള്ളിയിലെ ലദ്ദീഞ്ഞ് കഴിഞ്ഞ് അമ്പ് കൊണ്ടുവന്ന് ഒരു വീട്ടിൽ വെയ്ക്കും. രാത്രി പത്തുമണിയോടെ ജോലിക്കാർ ജോലി കഴിഞ്ഞ് വന്ന് അമ്പ് വീടുകളിലേക്ക് വന്നുതുടങ്ങും. പുലർച്ചെ അഞ്ചുമണിയോടെ വീടുകളിലെ അമ്പ് കയറ്റം കഴിയും.

ഞായറാഴ്ച കാലത്ത് തിരുനാൾ കുർബാനയ്ക്ക് മുമ്പായി അമ്പ് പള്ളിയിൽ തിരിച്ചുകൊടുക്കണം. തിരുനാൾ കുർബാനയ്ക്ക് ശേഷം പ്രദക്ഷിണത്തോടെ തിരുനാൾ സമാപിക്കും. പള്ളിയിൽ കലാപരിപാടികൾ ഒന്നും ഉണ്ടായിരുന്നില്ല.

വളരെ ഭക്തിപൂർവ്വം നടത്തിയിരുന്ന ഒരു ആഘോഷമായിരുന്നു തിരുനാൾ. പഴയ അമ്പ് തിരുനാൾ പ്രത്യേകതകളിലൊന്നായിരുന്നു സമുദായം കൂടൽ. അമ്പ് സമുദായം എല്ലാ ഞായറാഴ്ചകളിലും ഓരോ വീടുകളിൽ എന്ന ക്രമത്തിൽ സമുദായം ഒത്തുചേരുന്നു. പ്രാർത്ഥനയോടെ സമുദായം അവസാനിക്കും.

കത്തോലിക്കരുടെ ഒരു കൂട്ടായ്മയും പരസ്പരം കാര്യങ്ങൾ അറിയാനുമുള്ള ഒരു ഒത്തുചേരലുമായിരുന്നു അന്ന് അമ്പ്സമുദായം. തിരുനാൾ മനോഹരമാക്കുന്നതിൽ വലിയ ഒരു പങ്കുവഹിച്ചിരുന്നു. അന്ന് തിരുനാൾ എല്ലാ വീടുകളിലും വലിയ ഒരു ആഘോഷമാണ്. വീടുകൾ വൃത്തിയാക്കി എല്ലാ ബന്ധുക്കളേയും ക്ഷണിച്ച് സന്തോഷത്തിന്റെ ഒരു ദിവസമാണ് പഴയ അമ്പു തിരുനാൾ.

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്**

## മാസാദ്യ വെള്ളി

| വൈകീട്ട് 5.30ന് | വൈകീട്ട് 6 മണിക്ക് |
|---|---|
| ആരാധന, കുമ്പസാരം | വി. കുർബാന, ലദീഞ്ഞ്, നൊവേന |

*രാവിലെ വി. കുർബാന ഉണ്ടായിരിക്കുന്നതല്ല*

9th
ANNIVERSARY
26-01-2023



# Charles & Mariya

Ellikkal House
Kizhoor - Kunnamkulam

**Best Compliments From : Hannah Charles & Caitlin Charles**



3
ANNIVERSARY
04-01-2023

*Abee Joe*
*Aiswarya Abee*

Kannanaikal House
Nehru Nagar
Kunnamkulam

Best Compliments From
**Jorden Joe Abee , Ann Mariya**
**Alwin , Avin Joe Varghese**

**ഏവർക്കും തിരുനാൾ ആശംസകൾ**



# സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ

**14–01–2023 ശനി വൈകീട്ട് 6 മുതൽ**
**കക്കാടിന്റെ ഹൃദയവീഥികളിലൂടെ**

**മാനുചേട്ടൻസ്**
**ആർമിയുടെ**

# ശിങ്കാരിമേളം





D






പി.എ. ലില്ലി
(പ്രിൻസിപ്പാൾ)

## വിശ്വാസ പരിശീലനം

പ്രിയ കുഞ്ഞുങ്ങളെ,

എല്ലാവർക്കും ഒരിക്കൽകൂടി നവവത്സരാശംസകൾ ആദ്യംതന്നെ നേർന്നുകൊള്ളട്ടെ. ഉണ്ണിയേശുവിന്റെ തിരുപ്പിറവി എല്ലാവരും നന്നായി ആഘോഷിച്ചല്ലോ? ഇപ്പോൾ നമ്മൾ പുതിയൊരു വർഷത്തിലേക്ക് കടന്നിരിക്കുന്നു. എല്ലാവരും പുതിയ പ്രതിജ്ഞകൾ എടുക്കുന്നതിന്റേയും മുമ്പ് എടുത്തവ പുതുക്കുന്നതിന്റേയും തിരക്കിലായിരിക്കും. നല്ലകാര്യമാണ്. പ്രതിജ്ഞകൾ പാലിക്കാൻ കഴിയുന്നുണ്ടോ എന്നാണ് കൂടുതൽ ശ്രദ്ധിക്കേണ്ടത്. എല്ലാവർഷവും പ്രതിജ്ഞയെടുക്കുന്നു. കുറച്ചുകഴിഞ്ഞാൽ മറക്കുന്നു. ഇതാണ് പലരും ചെയ്യുന്നത്. നമ്മൾ അങ്ങനെയാകാതിരിക്കുക.

നമ്മുടെ ഇടവകതിരുനാൾ അടുത്തെത്തി. ഇടവക ജനങ്ങളെ സംബന്ധിച്ച് അതിപ്രധാനമായ ദിവസമാണത്. ഏറ്റവും ഭക്തിയോടെ തിരുനാളിൽ പങ്കുകൊണ്ട് അനുഗ്രഹീതരാകാൻ നമ്മൾ ശ്രദ്ധിക്കണം. നമ്മുടെ വിശ്വാസവും ഭക്തിയും കാണിക്കാനുള്ള അവസരമായി തിരുനാളുകളെ സമീപിക്കണം. എല്ലാവർക്കും തിരുനാൾ മംഗങ്ങൾ നേർന്നുകൊണ്ട്.

സ്നേഹത്തോടെ
ലില്ലിടീച്ചർ

**കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്**

# ഇടവക ദിനം

**അനുമോദന സമ്മേളനം**


**വിശ്വാസപരിശീലന ഭക്തസംഘടന കുടുംബകൂട്ടായ്മ**

**സംയുക്ത വാർഷികം**

**2023 ജനുവരി 8 ഞായറാഴ്ച – വൈകീട്ട് 5.30ന്
ദൈവാലയങ്കണത്തിൽ**

# കുന്നംകുളം സെന്റ് സെബാസ്റ്റ്യൻസ് കത്തോലിക്കാ ദൈവാലയത്തിൽ

# 276-ാം തിരുനാൾ മഹാമഹം



പരിശുദ്ധ കന്യകാമറിയത്തിന്റേയും
വി. സെബസ്ത്യാനോസിന്റേയും
വി. ഏവുപ്രാസ്യമ്മയുടെയും



# സംയുക്ത തിരുനാൾ

**2023 ജനുവരി 14, 15, 16 (ശനി, ഞായർ, തിങ്കൾ) തിയ്യതികളിൽ**

## തിരുനാൾ പരിപാടികൾ

### 08-01-2023 ഞായർ

06.00 am വി. കുർബാന, തിരുനാൾ കൊടികയറ്റം, ലദ്ദീഞ്ഞ്, നൊവേന
കാർമ്മികൻ : **റവ. ഫാ: ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **കല്ലച്ചൻമുറി പൈലി സെബാസ്റ്റ്യൻ & ഫാമിലി**
9.00 am വി. കുർബാന, പ്രസുദേന്തി വാഴ്ച
കാർമ്മികൻ : **റവ. ഫാ: ഫിഡെൽ തച്ചിൽ SDB**
(അഡ്മിനിസ്ട്രേറ്റർ, ഡോൺബോസ്കോ ആർട്സ് & സയൻസ് കോളേജ്, ഇരിട്ടി, കണ്ണൂർ)
ഏറ്റെടുത്ത് നടത്തുന്നത് : **പള്ളിപ്പുറത്ത് രാജു നവീൻ & ഫാമിലി**

### 09-01-2023 തിങ്കൾ

**06.00** pm **: വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച ഊട്ട്**
നേതൃത്വം : **സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മ**
കാർമ്മികൻ : **റവ. ഫാ: സജിൻ കണ്ണനായ്ക്കൽ** (സഹവികാരി, മറ്റം)
ഏറ്റെടുത്ത് നടത്തുന്നത് : **വലിയവീട്ടിൽ തോമ സണ്ണി & ഫാമിലി**

### 10-01-2023 ചൊവ്വ

**06.00** pm **: വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച ഊട്ട്**
നേതൃത്വം : **സെന്റ് തോമസ് കുടുംബകൂട്ടായ്മ**
കാർമ്മികൻ : **റവ. ഫാ. രഞ്ജിത്ത് അത്താണിക്കൽ CMI**
(സെന്റ് ജോർജ്ജ് മൊണാസ്ട്രി, കുന്നംകുളം)
ഏറ്റെടുത്ത് നടത്തുന്നത് : **ചുങ്കത്ത് ടോണി മാർട്ടിൻ & സ്നേഹ മരിയ**

### 11-01-2023 ബുധൻ

**06.00** pm **: വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച ഊട്ട്**
നേതൃത്വം : **സെന്റ് സേവ്യർ കുടുംബകൂട്ടായ്മ**
കാർമ്മികൻ : **റവ. ഫാ. സ്റ്റീഫൻ അറക്കൽ** (സഹവികാരി, ചിറ്റാട്ടുകര)
ഏറ്റെടുത്ത് നടത്തുന്നത് : **ചുങ്കത്ത് തോമ വർഗ്ഗീസ് & ഫാമിലി**

### 12-01-2023 വ്യാഴം

**06.00** pm **: വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച ഊട്ട്**
നേതൃത്വം : **സെന്റ് ജോസഫ് കുടുംബകൂട്ടായ്മ**
കാർമ്മികൻ : **റവ. ഫാ. ഫെബിൻ കൂത്തൂർ** (വികാരി, ചെമ്മണ്ണൂർ)
ഏറ്റെടുത്ത് നടത്തുന്നത് : **ചിറ്റിലപ്പിള്ളി ഭാസി റീമ മരിയ**

# പാരിഷ് ബുള്ളറ്റിൻ

## 13-01-2023 വെള്ളി

**05.30 pm : സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന**
**06.00 pm : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന, നേർച്ച ഊട്ട്**
തുടർന്ന് **ദീപാലങ്കാരം സ്വിച്ച് ഓൺ കർമ്മം**
നേതൃത്വം : **മേരിമാത കുടുംബകൂട്ടായ്മ**
കാർമ്മികൻ : **വെ. റവ. ഫാ. ഷാജു ഊക്കൻ** (മറ്റം ഫൊറോന വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **വലിയവീട്ടിൽ തോമ ബാബു & ഫാമിലി**

## 14-01-2023 ശനി (തിരുനാൾ തലേദിവസം)

**06.30 am : വി. കുർബാന, ലദ്ദീഞ്ഞ്, നൊവേന**
നേതൃത്വം : **സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മ**
**കിരീടം,അമ്പ്, തിരുശേഷിപ്പ് വെഞ്ചിരിച്ച് കുടുംബകൂട്ടായ്മകളിലേക്ക് കൊടുത്തുവിടുന്നു**
കാർമ്മികൻ : **റവ. ഫാ: ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **ചുങ്കത്ത് ബേബി രാജു & ഫാമിലി**
**08.30 am : സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ്, നൊവേന**
**10.00 pm : അമ്പ് സമാപനം**
**സംയുക്ത മേളം – വർണ്ണപൂമഴ**

## 15-01-2023 ഞായർ (തിരുനാൾ ദിനം)

6.00 am **വി. കുർബാന** – കാർമ്മികൻ : **റവ. ഫാ: ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **ചിറമ്മൽ ജോണി ബെപ്പോ & ഫാമിലി**

10.00 am : **ആഘോഷമായ തിരുനാൾ പാട്ട് കുർബാന**

കാർമ്മികൻ- **റവ. ഫാ. റോജർ തരകൻ** (റിസർച്ച് ഫെല്ലോ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശൂർ)
സഹകാർമ്മികൻ : **റവ. ഫാ. പോൾ ആലപ്പാട്ട്** (അസി. ഡയറക്ടർ, സെന്റ് ജോസഫ് പ്രീസ്റ്റ്ഹോം, തൃശൂർ)
തിരുനാൾ സന്ദേശം : **റവ. ഫാ. തോമസ് പൂപ്പാടി**
(അസി. ഡയറക്ടർ, ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശൂർ)
ഏറ്റെടുത്ത് നടത്തുന്നത് : **മഠത്തിപ്പറമ്പിൽ ആന്റോ അജിൻ & ശാലിനി പോൾ**

**4.30 pm : വി. കുർബാന തുടർന്ന് ഭക്തിനിർഭരമായ തിരുനാൾ പ്രദക്ഷിണം**
കാർമ്മികൻ : **റവ. ഫാ. ബിജു ജോസഫ് ആലപ്പാട്ട്** (എയ്യാൽ പള്ളി വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **നിരപ്പേൽ പുത്തൻപുര മത്തായി ജോസഫ് & ഫാമിലി**

## 16-01-2023 തിങ്കൾ

6.30 am : ഇടവകയിലെ മരിച്ചു പോയവർക്കുവേണ്ടി വി. കുർബാന, വലിയ ഒപ്പീസ്
കാർമ്മികൻ : **റവ. ഫാ: ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **കിഴക്കൂട്ട് ജോസ്സി ഫ്രാൻസീസ് പോൾ**

## 22-01-2023 ഞായർ (എട്ടാമിടം)

6.00 am : വി. കുർബാന
കാർമ്മികൻ : **റവ. ഫാ: ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **ചുങ്കത്ത് ജിജു റിയ**
9.00 am വി. കുർബാന
കാർമ്മികൻ : **റവ. ഫാ: ദാവീദ് വിതയത്തിൽ** (ഇടവക വികാരി)
ഏറ്റെടുത്ത് നടത്തുന്നത് : **ചുങ്കത്ത് ജോസ് അമ്മിണി**

# ക്രിസ്തുമസ് മത്സരങ്ങൾ

## ക്രിസ്തുമസ് കാർഡ് നിർമ്മാണം

*എൽ.പി. സെക്ഷൻ*

*First* വി.ജെ. ഗോഡ്വിൻ (Std. II)
*Second* ഹന്ന ചാൾസ് (Std. II)

*യു.പി. സെക്ഷൻ*

*First* ഇവ റോസ് ഫോബിൻ (Std. V)
*Second* അബിൻ സി.എസ്. (Std. V)

## നക്ഷത്ര നിർമ്മാണം

*യു.പി. സെക്ഷൻ*

*First* സി.എസ്. ആൻവിൻ (Std. VII)
*Second* സി.എസ്. ഐവിൻ (Std. VI)

*ഹയർ സെക്കണ്ടറി സെക്ഷൻ*

*First* അഞ്ചൽ (Std. XI)
*Second* അജ്ന ജെയിംസ് (Std. XI)

## കരോൾ ഗാന മത്സരം

*യു.പി. സെക്ഷൻ*

*First* Std. V
*Second* Std. VII

*ഹൈസ്കൂൾ സെക്ഷൻ*

*Consolation Prize :* Std. IX

*ഹയർ സെക്കണ്ടറി സെക്ഷൻ*

*First* ACC
*Second* Std. XII

## പുൽക്കൂട് മത്സരം

*First* ചുങ്കത്ത് അരുൺ ആന്റണി
*Second* വടക്കൂട്ട് ഫ്ളോറൻസ് തമ്പി
*Third* എടപ്പുള്ളി ചാക്കോ രാജു

## ക്രിസ്തുമസ് ട്രീ മത്സരം

*First* മേരി മാതാ കുടുംബകൂട്ടായ്മ
*Second* സെന്റ് തോമസ് കുടുംബകൂട്ടായ്മ



## ഞാൻ വരവായ്

- കുളങ്ങര ജോർജ്ജ് ജിത്ത് +
കല്ലച്ചൻമുറി സെബാസ്റ്റ്യൻ ചിഞ്ചു മകൾ
**എലിസബത്ത് (ജിയ ബെൽ)**

13th Anniversary



**03-01-2023**




# POISE JABEE & BABITHA POISE

*Chiramel House*

*Chiralayam - KUNNAMKULAM*

**Best Compliments From : Jewel, Nehal, Nevan**

E



9th
Happy Birthday
13-01-2023
Grace V. Manoj
D/o. Manoj & Lini Manoj
Vakayil House
Chiralayam, Kunnamkulam
Best Compliments Ftom : Godwin Manoj & Mummy




ഏവർക്കും തിരുനാൾ ആശംസകൾ
സെന്റ് തോമസ്
കുടുംബകൂട്ടായ്മ
14–01–2023 ശനി ഉച്ചക്ക് 2 മണി മുതൽ
ചിറളയത്തിന്റെ ഹൃദയവീഥികളിലൂടെ
KALVARY JOSETTAN'S BUDDYZ
കാൽവരി ജോസേട്ടൻ
ബഡീസിന്റെ
ശിങ്കാരി
മേളം




**1. ഫാ. സ്റ്റാൻ സ്വാമി നിരപരാധി; ഫോറൻസിക് റിപ്പോർട്ട് പുറത്ത്.**

ന്യൂഡൽഹി : ജസ്യൂട്ട് വൈദികനും മനുഷ്യാവകാശ പ്രവർത്തനുമായിരുന്ന ഫാ. സ്റ്റാൻ സ്വാമിക്കെതിരെ അന്വേഷണ ഏജൻസിയായ എൻ.ഐ.എ. ഹാജരാക്കിയത് കൃത്രിമമായി സൃഷ്ടിച്ച തെളിവായിരുന്നുവെന്ന് ഫോറൻസിക് റിപ്പോർട്ട്. അമേരിക്കയിലെ ഫോറൻസിക് സ്ഥാപനമാണ് ഇത് സംബന്ധിച്ച തെളിവുകൾ പുറത്ത് വിട്ടത്. ജാർഖണ്ഡിലെ ആദിവാസികളുടെ ശബ്ദമായിരുന്ന ഫാ. സ്റ്റാൻസ്വാമിയെ 2020 ഒക്ടോബർ 20നാണ് ഭീമ കൊറേഗാവ് കേസിൽ മാവോയിസ്റ്റ് ബന്ധം ആരോപിച്ച് യു.എ.പി.എ. ചുമത്തി എൻ.ഐ.എ. അറസ്റ്റ് ചെയ്തത്. അത് കെട്ടിച്ചമച്ച കേസായിരുന്നു എന്ന സത്യമാണ് ഇപ്പോൾ പുറത്ത് വന്നിരിക്കുന്നത്. ബോസ്റ്റണിലെ ആഴ്സണൽ കൺസൾട്ടിംഗ് നടത്തിയ പരിശോധനയിലാണ് ഇക്കാര്യം വ്യക്തമായത്. 84 കാരനായ ഫാ. സ്റ്റാൻസ്വാമി ഒമ്പതുമാസം വിചാരണ തടവുകാരനായിരുന്നു. 2021ജൂലൈ അഞ്ചിന് ജുഡീഷ്യൽ കസ്റ്റഡിയിൽ വെച്ചായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. പാർക്കിസൺസ് രോഗിയായിരുന്ന ഫാ. സ്റ്റാൻസ്വാമി കോവിഡ് ബാധിച്ചായിരുന്നു മരണമടഞ്ഞത്. ഫാ. സ്റ്റാൻസ്വാമിക്ക് ചികിത്സ നിഷേധിക്കാൻ പോലും അന്വേഷണ ഏജൻസി ശ്രമിച്ചിരുന്നു. ആദിവാസി പ്രശ്നങ്ങളിൽ ഫാ. സ്റ്റാൻസ്വാമി നടത്തിയിരുന്ന സജീവ ഇടപെടലുകൾ അദ്ദേഹത്തെ ഗവൺമെന്റിന്റെ ശത്രുവാക്കി മാറ്റിയിരുന്നു. അതേതുടർന്നാണ് കള്ളക്കേസിൽ കുടുക്കി അദ്ദേഹത്തെ ജയിലിൽ അടച്ചതെന്ന കാര്യം അന്നുതന്നെ പുറത്തുവന്നതാണ്. ഈ കേസിൽ പ്രതിചേർക്കപ്പെട്ട റോണ വിൽസൺ, സുരേന്ദ്ര ഗാസ്ലിംഗ് എന്നിവർക്ക് എതിരെ അന്വേഷണ ഏജൻസി ഹാജരാക്കിയ തെളിവുകളും വ്യാജമാണെന്ന് ഫോറൻസിക് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

**2. ചരിത്രത്തിൽ ഇടംപിടിച്ച് മാതൃവേദിയുടെ മെഗാ റമ്പാൻപാട്ട്**

പാലയൂർ : മാർതോമാശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികം ജൂബിലി വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മാർതോമാശ്ലീഹായുടെ ഭാരത പ്രവേശനതിരുനാൾ ദിനത്തിൽ പാലയൂരിൽ മാതൃവേദിയുടെ നേതൃത്വത്തിൽ റമ്പാൻപാട്ട് അരങ്ങേറി. മാർതോമാശ്ലീഹ സ്ഥാപിച്ച ഭാരതത്തിലെ ആദ്യപള്ളിയാണ്

പാലയൂരിലെ ദൈവാലയം. അതിരൂപതയിലെ 220 ദൈവാലയങ്ങളിൽ നിന്നുള്ള 3952 അമ്മമാർ പങ്കെടുത്ത പരിപാടി ബെസ്റ്റ് ഓഫ് ഇന്ത്യ റെക്കോർഡ്സിൽ ഇടം നേടി. മാതൃവേദി നേരത്തെ സംഘടിപ്പിച്ച റമ്പാൻപാട്ട് മത്സരത്തിൽ വിജയികളായവരാണ് നേതൃത്വം നൽകിയത്. മാളിയേക്കൽ കുടുംബാംഗമായിരുന്ന മാർ തോമാ റമ്പാനാണ് റമ്പാൻപാട്ടിന്റെ കർത്താവ്. വാമൊഴിയായി തലമുറകൾ പാടിയിരുന്ന തോമാശ്ലീഹായുടെ ചരിത്രം പറയുന്ന പാട്ട് പിന്നീട് എഴുതപ്പെട്ടു. ക്രിസ്തീയ കലയുടെ വീണ്ടെടുപ്പിനുള്ള ശ്രമത്തിന്റെ ഭാഗമായാണ് മെഗാ റമ്പാൻ പാട്ട് നടത്തിയത്. പഴയ കാലങ്ങളിൽ ക്രൈസ്തവരുടെ വിവാഹ ആഘോഷങ്ങളിൽ കല്ല്യാണ തലേദിസവം രാത്രിയിൽ റമ്പാൻപാട്ട് പാടാറുണ്ടായിരുന്നു. ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് മെഗാ റമ്പാൻപാട്ട് ഉദ്ഘാടനം ചെയ്തു. പാലയൂർ മാർതോമ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ തീർത്ഥാടന കേന്ദ്രം ആർച്ച് പ്രീസ്റ്റ് ഫാ. ഡേവിസ് കണ്ണമ്പുഴ അദ്ധ്യക്ഷനായിരുന്നു.

**3. ഫ്രാൻസീസ് പാപ്പ ആഫ്രിക്കയിലേക്ക് ; കോംഗോ സൗത്ത് സുഡാൻ പര്യടന തിയ്യതികൾ പ്രഖ്യാപിച്ച് വത്തിക്കാൻ.**

വത്തിക്കാൻ സിറ്റി : അനിശ്ചിതത്വങ്ങൾക്കും പ്രാർത്ഥനാനിരതമായ കാത്തിരിപ്പുകൾക്കും വിരാമം കുറിച്ച് വത്തിക്കാന്റെ പ്രഖ്യാപനം. പുതുവർഷാരംഭത്തിൽ ഫ്രാൻസീസ് പാപ്പ ആഫ്രിക്കൻ രാജ്യമായ കോംഗോയും സൗത്ത് സുഡാനും സന്ദർശിക്കും. കാൽമുട്ട് വേദനമൂലം മാസങ്ങൾക്ക് മുമ്പ് പാപ്പ മാറ്റിവെച്ച അപ്പസ്തോലിക പര്യടനം 2023 ജനുവരി 31 മുതൽ ഫെബ്രുവരി 5 വരെ നടത്തുമെന്ന വിവരം ഇക്കഴിഞ്ഞ ദിവസമാണ് വത്തിക്കാൻ പ്രഖ്യാപിച്ചത്. ആഭ്യന്തര കലാപങ്ങളുടേയും സംഘർഷങ്ങളുടേയും മുറിപ്പാടുകളുമായി കഴിയുന്ന രാജ്യങ്ങളിലേക്ക് സമാധാനത്തിന്റേയും അനുരഞ്ജനത്തിന്റേയും സന്ദേശവുമായാണ് പാപ്പ ആഗതനാകുന്നത്. എല്ലാം ക്രിസ്തുവിൽ അനുരഞ്ജിതരായി എന്നതാണ് ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെ നടക്കുന്ന കോംഗോ പര്യടനത്തിന്റെ ആപ്തവാക്യം. എല്ലാവരും ഒന്നാകാൻ ഞാൻ പ്രാർത്ഥിക്കുന്നു എന്നതാണ് ഫെബ്രുവരി 3 മുതൽ 5 വരെയുള്ള സൗത്ത് സുഡാൻ പര്യടനത്തിന്റെ ആപ്തവാക്യം. മുമ്പ് നിശ്ചയിച്ചിരുന്നതുപോലെ ആംഗ്ലിക്കൻ സഭാദ്ധ്യക്ഷൻ കൂടിയായ കാന്റർബറി ആർച്ച് ബിഷപ്പ് ജസ്റ്റിൻ വെർബിയും പാപ്പയ്ക്കൊപ്പം ഉണ്ടാകും എന്നതും ശ്രദ്ധേയം. സൗത്ത് സുഡാൻ സന്ദർശിക്കുന്ന ആദ്യത്തെ കത്തോലിക്കാ സഭാ തലവനാകും ഫ്രാൻസീസ് പാപ്പ.



# സ്വർഗ്ഗം നമ്മുടെ ലക്ഷ്യം

റീന ടീച്ചർ

മനുഷ്യൻ കാണാത്തവയെ ഉണ്ടെന്ന് വിശ്വസിക്കാൻ വൈമുഖ്യം കാണിക്കുന്നവരാണെന്ന യാഥാർത്ഥ്യം ഈശോ മനസ്സിലാക്കിയതു കൊണ്ടാകാം അവിടുന്ന് അരുളിചെയ്തു, 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ ' എന്ന്. 'സ്വർഗ്ഗവും നരകവും ഭൂമിയിൽ തന്നെ എന്ന ഭാഷ്യം മനുഷ്യരുടെ ഇടയിൽ പ്രസക്തമാണ്. എന്നാൽ സ്വർഗ്ഗ നരകത്തെ കുറിച്ചും മരണാനന്തരജീവിതത്തെ കുറിച്ചും വി.ബൈബിൾ അതായത് ഈശോ തന്നെ നമ്മെ പഠിപ്പിക്കുന്നു. ഈശോയുടെ മരണത്തിൽ നിന്നുള്ള ഉയിർപ്പ് അഥവാ ഉത്ഥാനത്തിലുള്ള നമ്മുടെ വിശ്വാസമാണ് ഈ ഭൂമിയിലെ ആനന്ദിച്ചുള്ള ജീവിതത്തിന്റെ അടിസ്ഥാനം. അല്ലാത്തവരാണ് നിരാശപ്പെട്ടും പരാതിപ്പെട്ടും പഴിച്ചും ജീവിക്കുന്നത്


ഈജിപ്തിൽ ജീവിച്ച ഇസ്രായേല്യരുടെ ദുരിതപൂർണ്ണമായ ജീവിതം ഭൂമിയിലെ സുഖ ദുഃഖപൂരിതമായ ജീവിതത്തോടും , കാനാൻ ദേശം ലക്ഷ്യമാക്കിയുള്ള അവരുടെ യാത്ര സ്വർഗ്ഗം ലക്ഷ്യമാക്കിയുള്ള നമ്മുടെ യാത്രയോട് ഒന്ന് സദൃശ്യപ്പെടുത്താം. വി.പൗലോ ശ്ലീഹ സ്വർഗ്ഗത്തെ കുറിച്ച് പറയുന്നത് കേൾക്കാം. "എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദൈവം തന്നെ സ്നേഹിക്കുന്നവർക്കായി സജ്ജീകരിച്ചിരിക്കുന്നവ കണ്ണുകൾ കാണുകയോ ചെവികൾ കേൾക്കുകയോ മനുഷ്യമനസ്സ് ഗ്രഹിക്കുകയോ ചെയ്തിട്ടില്ല." (1 കൊറി. 2:9.) 'ഉന്നതത്തിലേയ്ക്കുള്ള ദൈവത്തിന്റെ വിളിയാകുന്ന സമ്മാനത്തിനു വേണ്ടി ഞാൻ ലക്ഷ്യത്തിലേയ്ക്കു പ്രയാണം ചെയ്യുന്നു.' (ഫിലി.3: 14, )

ഈജിപ്തിൽ നിന്ന് കാനാൻ ദേശത്തേക്ക് കൊണ്ടുപോകാനുള്ള തീരുമാനം ദൈവത്തിന്റേതായിരുന്നു. കാരണം ഇസ്രായേൽ ജനത ദൈവത്തിന്റെ ജനമായിരുന്നു. ചെങ്കടൽ ഭേദിച്ച് ഫറവോയുടെ സൈന്യത്തിന്റെ വാൾമുനയിൽ നിന്ന് രക്ഷിച്ച്, മന്നായും കാടയിറച്ചിയും അതായത് ഭക്ഷണവും വെള്ളവും വെളിച്ചവും അധ്വാനിക്കാതെ നൽകി. അത്ഭുതാവഹമായ രീതിയിൽ മരുഭൂമിയിലൂടെ പരിപാലിച്ച് വഴി നടത്തിയിട്ടും, ചെറിയ തകർച്ചകളിൽ ദൈവകല്പനകൾ ലംഘിച്ച്, നന്ദികെട്ട ജനം പിറുപിറുത്ത് ദൈവത്തെ മറന്ന് കാളക്കുട്ടിയെ ദൈവമായി ആരാധിക്കാൻ തുടങ്ങിയപ്പോൾ ശിക്ഷയ്ക്ക് വിധേയരായി, കാനാൻ

ദേശം കാണാതെ മരണത്തിനർഹരായി. ഇതു തന്നെയല്ലേ മരുഭൂമിയെ പ്രതിനിധാനം ചെയ്യുന്ന ഭൂമിയിലെ മനുഷ്യരുടെ ജീവിതം ! എത്ര നന്മകൾ ലഭിച്ചാലും നന്ദിയില്ലാതെ ദൈവത്തിനു നേരെ പിറുപിറുത്തും സഹോദരങ്ങളെ പഴിച്ചും ജീവിക്കുന്ന ക്രിസ്ത്യാനീ , നീ എങ്ങനെ സ്വർഗ്ഗം പൂകും ?

ആകയാൽ വി.മർക്കോസ് (9:48) നമ്മെ ഓർമപ്പെടുത്തുന്നു, 'പുഴു ചാകാത്തതും തീ കെടാത്തതുമായ നരകത്തിലേക്ക് എറിയപ്പെടുന്നതിനേക്കാൾ നല്ലത്, ഒരു കണ്ണോടുകൂടെ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുന്നതാണ്. 'ഭൂമിയിൽ നന്മ ചെയ്യാതെയും മററുള്ളവർക്ക് ദ്രോഹം ചെയ്തും ദൈവത്തെ മറന്നും ജീവിക്കുന്നവരോട് വി.മത്തായി (25:40) ലൂടെ ഈശോ അരുളി ചെയ്യുന്നു, 'ശപിക്കപ്പെട്ടവരെ, നിങ്ങൾ എന്നിൽ നിന്ന് അകന്ന് പിശാചിനും അവന്റെ ദൂതൻമാർക്കുമായി സജ്ജമാക്കി യിരിക്കുന്ന നിത്യാഗ്നിയിലേക്കു പോകുവിൻ'

മരുഭൂമിയിലൂടെയുള്ള യാത്രയിൽ കാണുന്ന മോശയും അഹറോനുമെല്ലാം , നമ്മുടെ സഭയും അതിലെ പ്രബോധനങ്ങളും , പിതാക്കന്മാരും പുരോഹിതരും , ആചാരാനുഷ്ഠാനങ്ങളും തുടങ്ങി എല്ലാ സംവിധാനങ്ങളേയും സൂചിപ്പിക്കുന്നതാണ്. സഭയേയും സഭാനേതൃത്വത്തേയും അനുസരിക്കേണ്ടത് ഓരോ ക്രിസ്തു വിശ്വാസിയുടേയും കടമയാണ് ; സ്വർഗ്ഗപ്രാപ്തിക്കുള്ള മാർഗ്ഗമാണ്. യേശു മാത്രമാണ് വഴിയെന്ന് പ്രിയ സഹോദരങ്ങളെ തിരിച്ചറിയുക. വി.സെബസ്ത്യാനോസിന്റെ തിരുനാളിനായി ഒരുങ്ങി കൊണ്ടിരിക്കുന്ന നാം ഒന്നോർക്കുക. മരണഭയമില്ലാതെ, ജീവിത പ്രതിസന്ധികളെ ക്രിസ്തുവിന്റെ നല്ല പടയാളികളെപ്പോലെ പോരാടി , വിശ്വാസത്തിനു വേണ്ടി, വചനം പാലിച്ച് ദൈവഹിതത്തെ മറുചോദ്യമില്ലാതെ അനുസരിച്ച്, പ്രത്യാശയിൽ ഈ ഭൂമിയിൽ ജീവിക്കേണ്ടതിന് മരണാനന്തരം ലഭിക്കാനിരിക്കുന്ന സ്വർഗ്ഗത്തെ സ്വപ്നം കാണാൻ പഠിക്കണം. ധനം ബാങ്കിൽ നിക്ഷേപിക്കുന്നതിനേക്കാൾ തീക്ഷണതയിൽ, നന്മ പ്രവത്തികൾ സ്വർഗ്ഗം ലഭിക്കുന്നതിനുള്ള ധനസമാഹരണമാണെന്ന് മനസ്സിലാക്കി നിക്ഷേപിക്കുക. മരണശേഷം ലഭിക്കാനിരിക്കുന്ന സൗഭാഗ്യങ്ങൾ ഓർക്കുമ്പോൾ ഇന്നത്തെ സഹനങ്ങൾ വളരെ നിസ്സാരമാണെന്ന് പൗലോ ശ്ലീഹ ചൂണ്ടി കാണിക്കുന്നു. ആകയാൽ ഒരുക്കത്തോടെ പ്രാർത്ഥനയോടെ ക്രിസ്തുവിൽ ജീവിക്കാൻ 2023 പ്രതിജ്ഞയെടുക്കാം. പരി. അമ്മയുടെ സഹായം അഭ്യർത്ഥിക്കാം. എല്ലാവർക്കും തിരുനാളിന്റെ ആശംസകൾ.


9
Years
Anniversary
31-01-2023
Joepaul
Nimmy
Alappat House
Gandhiji Nagar
IInd Avenue - Kunnamkulam
Happy 8th
Birthday!
16-12-2022
Amal Joe



8th
ANNIVERSARY
19-01-2023
Deryk Sunny
&
Abitha Deryk
Sharing Happiness
Daddy, Mummy & Hazel




ഏവർക്കും തിരുനാൾ ആശംസകൾ
സെന്റ് സേവ്യർ
കുടുംബകൂട്ടായ്മ
14–01–2023 ശനി
ഉച്ചക്ക് 2 മണി മുതൽ
രാജു തെക്കേപ്പുറം
& ടീമിന്റെ
ചെണ്ടമേളം



# കുട്ടികളിലെ പഠന വൈകല്യങ്ങൾ

നിത ഡിന്റോ (ഫിസിയോതെറാപ്പിസ്റ്റ്)

വിവരങ്ങൾ സ്വീകരിക്കുന്നതിനും അവ ഗ്രഹിക്കുകയും ചെയ്യുന്നതിലുള്ള തലച്ചോറിന്റെ കഴിവിനെ ബാധിക്കുന്ന തകരാറാണ് പഠനവൈകല്യം. ഏകദേശം 10-12% കുട്ടികളിൽ ഇത്തരം വൈകല്യം കാണാറുണ്ട്. എന്നാൽ ഈ കുട്ടികൾ ശരാശരിയോ അതിൽ കൂടുതലോ ഐക്യു (IQ) ഉള്ളവരായിരിക്കും. ചിലരെങ്കിലും അതിബുദ്ധിമാന്മാരും. എന്നാൽ എത്രശ്രമിച്ചാലും ഇവർക്ക് നല്ല മാർക്ക് ലഭിക്കില്ല. അതിനാൽതന്നെ ഇവർ മടിയന്മാരെന്നും, ശ്രദ്ധയില്ലാത്തവരെന്നും ബുദ്ധിഇല്ലാത്തവരെന്നും മുദ്രകുത്തപ്പെടും. യഥാസമയം കണ്ടെത്തി ചികിത്സിച്ചാൽ ഒരു പരിധിവരെ മാറ്റങ്ങൾ വരുത്താൻ സാധിക്കും.

**കാരണങ്ങൾ**

* കാഴ്ച അല്ലെങ്കിൽ കേൾവിക്കുറവ്
* അപസ്മാരം
* ജീവിതസാഹചര്യങ്ങളിലുള്ള പ്രശ്നങ്ങളും സാമൂഹിക പ്രശ്നങ്ങളും
* ബുദ്ധിശക്തിയുടെ കുറവുമൂലമുള്ള പഠന പിന്നോക്കാവസ്ഥ പഠന വൈകല്യമായി കണക്കാക്കാറില്ല.
* തലച്ചോറിനേറ്റ ക്ഷതം
* ADHD (ശ്രദ്ധകേന്ദ്രീകരിക്കാനും അടങ്ങിയിരിക്കാനുമുള്ള തലച്ചോറിന്റെ കഴിവുകുറവ്)
* ജനിതകപകരമായ കാരണങ്ങൾ
* ഗർഭകാലത്തും പ്രസവസമയത്തും അതിനുശേഷവും ഉണ്ടാകുന്ന കുട്ടികളിലെ അണുബാധകൾ
* മാസംതികയാതെയുള്ള ജനനം
* ജനന സമയത്തെ തൂക്കകുറവ്
* പോഷക ആഹാരക്കുറവ് എല്ലാംതന്നെ ഇതിനു കാരണങ്ങളായി കണ്ടുവരുന്നു.

**വിവിധതരം പഠനവൈകല്യങ്ങൾ**

1. വായനാവൈകല്യം (Dyslexia)

* ഉച്ചരിക്കേണ്ട രീതിയിൽ വാക്കുകൾ ഉച്ചരിക്കാതെ ഇരിക്കുക.

* വാക്കിന്റെ തുടക്കം കാണുമ്പോഴേ മനസ്സിൽ തോന്നിയ വാക്ക് ഉച്ചരിക്കുക.
* ഓരോ വാചകങ്ങളും കഴിഞ്ഞ് നിർത്താതെ തുടർച്ചയായി വായിക്കുക.
* ചില വരികൾ വായിക്കുമ്പോൾ വിട്ടുപോവുക.
* വാചകങ്ങൾ അപൂർണ്ണമായി വായിക്കുക.

**2. രചനാവൈകല്യം** (Dysgraphia)

* അക്ഷരങ്ങൾ തലതിരിച്ച് എഴുതുക.
* ആവശ്യമില്ലാത്ത അകലം നൽകുക
* വാചകത്തിലെ പേരുകൾ മാറ്റി എഴുതുക.
* 'b' എന്നതിന് 'd', 12 നു 21 എന്നിങ്ങനെ എഴുതുക.
* അക്ഷരങ്ങൾ വായിക്കാനാകാത്ത വിധം വികൃതമായി എഴുതുക
* പലപേജിലും പലതരത്തിൽ എഴുതുക.
* വാചകങ്ങൾ എഴുതുമ്പോൾ അനുയോജ്യമായ വാക്കുകൾ കിട്ടാതെ ഇരിക്കുക.

**3. ഗണിത വൈകല്യം** (Dyscalculia)

* കണക്കിലെ കൂട്ടലും കുറയ്ക്കലും സ്ഥിരമായി തെറ്റിക്കുക.
* ഗുണിക്കുന്നതിനു പകരം ഹരിക്കുകയോ, നേരെ തിരിച്ചോ ഒക്കെ ചെയ്യുക.

കുട്ടികളിൽ കാണുന്ന പഠന വൈകല്യങ്ങൾ ഗൗരവത്തോടെ കാണേണ്ടതുണ്ട്. പ്രത്യേകിച്ച് 5, 6, 7 ക്ലാസ്സുകളിലെ. കാരണം നിരന്തരമായ കുറ്റപ്പെടുത്തലുകൾ കുട്ടികളിൽ ഗുരുതരമായ മാനസിക ആഘാതം ഏൽപ്പിക്കും. ഇവർക്ക് സമൂഹത്തോടുതന്നെ അമർഷം വരാനും സാധ്യത ഏറെയാണ്.

പഠനവൈകല്യമുള്ള കുട്ടികളെ മറ്റു കുട്ടികളെപോലെ പഠിപ്പിക്കുന്നതും മറ്റും കാലില്ലാത്തവനെ നടക്കാൻ നിർബന്ധിക്കുന്നതു പോലെയാണ്. ശാസ്ത്രജ്ഞരായ തോമസ് ആൽവാ എഡിസൺ, ആൽബർട്ട് ഐൻസ്റ്റീൻ, ചിത്രകാരനായ ലിയാനാഡോ ഡാവിഞ്ചി, നൊബേൽ സമ്മാന ജേതാവും മുൻ ബ്രിട്ടീഷ് പ്രധാനമന്ത്രിയുമായ വിൻസ്റ്റൺ ചർച്ചിൽ തുടങ്ങിയവർക്കെല്ലാം പഠന വൈകല്യം ഉണ്ടായിരുന്നു. അതിനാൽതന്നെ പഠനവൈകല്യം ബുദ്ധിയില്ലായ്മയുടെ ലക്ഷണമല്ല.

പെട്ടെന്നു കണ്ടുപടിക്കാൻ ആകാത്ത വൈകല്യം ആയതിനാൽ അധ്യാപകരും രക്ഷിതാക്കളും പ്രത്യേകിച്ച് നേഴ്സറി ക്ലാസ്സിലെ ടീച്ചർമാരും ശ്രദ്ധയോടെ കുട്ടികളെ നിരീക്ഷിക്കുകയും ഇത്തരം വൈകല്യം ബോധ്യപ്പെട്ടാൽ അതിനു വിദഗ്ദ്ധ ഉപദേശം തേടുകയും ചെയ്യേണ്ടതാണ്.

# നൂറ്റാണ്ടുകളെ തേജോമയമാക്കിയ കർമ്മയോഗി



സിസ്റ്റർ സാനി തെരേസ്



ജീവിതത്തിന്റെ സമസ്ത മേഖലകളിലും കൈയൊപ്പു ചാർത്തിയ യോഗീവര്യൻ. കേരളത്തിന്റെ നവോത്ഥാന നായകന്മാരിൽ ഒന്നാമൻ.

ജാതിവ്യവസ്ഥയ്ക്കെതിരായി വർണ്ണവർഗ്ഗഭേദമില്ലാതെ ഏവർക്കും വിദ്യാഭ്യാസം ലഭിക്കുന്നതിനായി കേരളത്തിൽ പൊതു സ്കൂളുകൾ സ്ഥാപിച്ചവൻ.

ചരിത്രകാവ്യകൃതികളിലൂടെ കൈരളിയെ ഉപാസിച്ച അതുല്യപ്രതിഭാശാലി. കേരളത്തിലെ പ്രഥമ തദ്ദേശീയ സന്യാസസമൂഹങ്ങൾക്ക് (CMI, CMC) രൂപം നൽകി ക്രൈസ്തവ സന്യാസവ്രതം ചെയ്ത ആദ്യത്തെ ഭാരതീയൻ. സ്വന്തമായി അച്ചടിശാല സ്ഥാപിച്ച് കാലത്തിനു മുൻപേ നടന്ന മാധ്യമ പ്രവർത്തകൻ. പാവപ്പെട്ടവരുടേയും അശരണരുടേയും സമുദ്ധാരണത്തിനായി നൂതന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച സാമൂഹ്യപരിഷ്ക്കർത്താവ്, വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

സുപ്രസിദ്ധ സാഹിത്യനിരൂപകനായ പ്രൊഫ. സുകുമാർ അഴിക്കോടിന്റെ വീക്ഷണത്തിൽ 19-ാം നൂറ്റാണ്ടിൽ ജീവിച്ച് ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസമായ് വളർന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിന്റെ പ്രകാശഗോപുരമായ് ജ്വലിച്ചുനിൽക്കുന്ന ആചാര്യനാണ് വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. സുറിയാനി കത്തോലിക്കരുടെ പ്രഥമ വികാരി ജനറാളായിരുന്ന ചാവറയച്ചന്റെ ഒരു പള്ളിക്കൊരു പള്ളിക്കൂടം എന്ന ഉത്തരവ് ചരിത്രപ്രസിദ്ധമായിരുന്നു. പള്ളികൾതോറും പള്ളിക്കൂടങ്ങൾ സ്ഥാപിച്ചുകൊണ്ട് സാക്ഷരകേരളത്തിന്റെ വളർച്ചയ്ക്കായ് സുധീരം പ്രവർത്തിച്ച അതുല്യ വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു ചാവറയച്ചൻ. പാവപ്പെട്ട കുട്ടികൾക്ക് വേണ്ടി ഉച്ചക്കഞ്ഞി വിതരണം ആരംഭിച്ചത് പിടി

യരി സമ്പ്രദായത്തിലൂടെ ആയിരുന്നു. ഓരോ നേരവും ഭക്ഷണത്തിനുള്ള അരി അളന്ന് പാത്രത്തിലിടുമ്പോൾ ഒരുപിടി അരി മറ്റൊരു പാത്രത്തിലിട്ട് ആഴ്ചയുടെ അവസാനം ഈ അരി ആശ്രമത്തിൽ എത്തിച്ച് പാവപ്പെട്ട വിദ്യാർത്ഥികൾക്ക് നൽകി.

സഭയുടെ വളർച്ചയ്ക്കും ജനങ്ങളുടെ ആത്മീയ വിദ്യാഭ്യാസപരവും സംസ്കാരികവുമായ ഉന്നമനത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരു ജീവിതമായിരുന്നു വിശുദ്ധ കുര്യാക്കോസ് അച്ചന്റേത്. ആദ്ധ്യാത്മിക ദർശനവും സർഗ്ഗാത്മകമായ ദൗത്യവും തന്റെ അനുദിന ജീവിതത്തിൽ സമഞ്ജസമായി സമ്മേളിപ്പിച്ച ഈ വിശുദ്ധന്റെ ജീവിതദർശനങ്ങൾ നമുക്കും സ്വന്തമാക്കാം "ദൈവം നൽകിയ മക്കളെ വിശുദ്ധരായി ദൈവത്തിനേല്പിക്കാത്ത മാതാപിതാക്കന്മാർക്ക് വിധി ദിവസം ഭയാനകമായിരിക്കും" വിശുദ്ധന്റെ ഈ വാക്കുകൾ ഓരോ മാതാപിതാക്കളും ഓർത്തിരിക്കേണ്ടതാണ്.

# ഇടവക പ്രതിനിധി യോഗം

**2023 ജനുവരി 22 ഞായർ രാവിലെ 7.30ന്**

## പ്രതിനിധിയോഗ വാർത്തകൾ

1. നവംബർ മാസത്തെ വരവ്-ചെലവ് കണക്കുകൾ വായിച്ച് പാസ്സാക്കി.
2. ക്രിസ്തുമസ് ട്രീ മത്സരത്തിൽ പങ്കെടുക്കുന്ന കുടുംബകൂട്ടായ്മകൾ ഡിസംബർ 24 വൈകീട്ട് 9 മണിക്ക് മുമ്പ് ക്രിസ്തുമസ് ട്രീ തയ്യാറാക്കണമെന്ന് അറിയിച്ചു.
3. പള്ളിക്കണക്ക് ഇന്റേണൽ ഓഡിറ്റേഴ്സ് എല്ലാ മാസം ഓഡിറ്റ് നടത്തുകയും മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് പ്രതിനിധിയോഗത്തിൽ അവതരിപ്പിക്കുകയും ചെയ്യേണ്ടതാണെന്ന് അറിയിച്ചു.
4. ഇടവക തിരുനാളിന്റേയും ഇടവക ദിനത്തിന്റേയും ഒരുക്കങ്ങളെക്കുറിച്ച് കൺവീനർമാർ പ്രതിനിധിയോഗത്തിൽ അവതരിപ്പിച്ചു.
5. ഇടവകാംഗങ്ങൾ മരണപ്പെട്ടാൽ ആദരസൂചകമായി പള്ളിയിൽനിന്നും റീത്ത് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.
6. ബദ്ലഹേം പ്രൊജക്റ്റിന്റെ പേരിൽ ബാങ്കിലുള്ള തുക വികാരിയച്ചന്റേയും ബനഫിഷറിയുടേയും പേരിൽ ഫിക്സഡ് ഡെപ്പോസിറ്റായി 1 വർഷത്തേക്ക് നിക്ഷേപിക്കാൻ തീരുമാനിച്ചു.


## ഓർമ്മിക്കേണ്ട ദിനങ്ങൾ

**ജനുവരി**

| | | |
|---|---|---|
| 1 | ഞായർ | പിറവി രണ്ടാം ഞായർ - **വി. കുർബാന രാവിലെ 9 മണിക്ക്**<br>നമ്മുടെ കർത്താവിന്റെ നാമകരണം (ഛേദനാചാരം)<br>വർഷാരംഭം |
| 3 | ചൊവ്വ | വി. കുര്യാക്കോസ് ഏലിയാസ് |
| 6 | വെള്ളി | മാസാദ്യവെള്ളി - ദനഹാ തിരുനാൾ |
| 8 | ഞായർ | ദനഹാ ഒന്നാം ഞായർ |
| 13 | വെള്ളി | വി. യോഹന്നാൻ മാംദാന<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 5.30 PM |
| 14 | ശനി | വി. ദേവസഹായം<br>കക്കാട് സെന്റ് ആന്റണീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 8.30 AM |
| 15 | ഞായർ | ദനഹാ രണ്ടാം ഞായർ - **ഇടവക തിരുനാൾ** |
| 18 | ബുധൻ | സഭൈക്യവാരം തുടങ്ങുന്നു |
| 20 | വെള്ളി | വി. പത്രോസ്, വി. പൗലോസ് ശ്ലീഹന്മാർ |
| 22 | ഞായർ | ദനഹാ മൂന്നാം ഞായർ |
| 24 | ചൊവ്വ | വി. ഫ്രാൻസീസ് സാലസ് മെ.മ |
| 25 | ബുധൻ | സഭൈക്യവാരം അവസാനിക്കുന്നു. |
| 26 | വ്യാഴം | ഇന്ത്യൻ റിപ്പബ്ലിക് ദിനം<br>വി. തിമോത്തേയോസും തീത്തോസും |
| 27 | വെള്ളി | വി. സുവിശേഷകന്മാർ |
| 28 | ശനി | വി. തോമസ് അക്വിനാസ് പു.മ. |
| 29 | ഞായർ | ദനഹാ നാലാം ഞായർ |
| 30 | തിങ്കൾ | മൂന്ന് നോമ്പ്<br>ലോകസമാധാന ദിനം |
| 31 | ചൊവ്വ | മൂന്ന് നോമ്പ്<br>വി. ജോൺ ബോസ്കോ |

**ഫെബ്രുവരി**

| | | |
|---|---|---|
| 1 | ബുധൻ | മൂന്ന് നോമ്പ് |
| 2 | വ്യാഴം | മൂന്ന് നോമ്പ് കഴിഞ്ഞുള്ള വ്യാഴം<br>നമ്മുടെ കർത്താവിന്റെ ദേവാലയ പ്രവേശനം<br>(പ.ക. മറിയത്തിന്റെ ശുദ്ധീകരണത്തിനുനാൾ) |
| 3 | വെള്ളി | വി. എസ്തപ്പാനോസ് വേ.<br>മാസാദ്യവെള്ളി |
| 4 | ശനി | വി. ജോൺ ബ്രിട്ടോ<br>സെന്റ് മേരീസ് കപ്പേളയിൽ ലദ്ദീഞ്ഞ് നൊവേന 6.00 PM |
| 5 | ഞായർ | ദനഹാ അഞ്ചാം ഞായർ |



# എന്താണ് ബോമാരോ?

ഡോ. പോൾ സി. റാഫേൽ

നമ്മുടെ ശരീരത്തിലെ എല്ലുകളുടെ അകത്ത് വെളുത്ത സ്പോഞ്ച് രൂപത്തിലുള്ള വസ്തുവിനെയാണ് നമ്മൾ ബോൺ മാരോ എന്ന് വിളിക്കുന്നത്. ബോൺ മാരോ മലയാളത്തിൽ മജ്ജ എന്നാണ് അറിയപ്പെടുന്നത്. നമ്മുടെ ശരീരത്തിലെ ചുവന്ന രക്താണുക്കൾ, വെളുത്ത രക്താണുക്കൾ, പ്ലേറ്റ്ലെറ്റുകൾ എന്നിവ ഉല്പാദിപ്പിക്കുക എന്നതാണ് ഈ അവയവത്തിന്റെ ജോലി. ഈ മൂന്നു തരം കോശങ്ങളും ബോൺമാരോയ്ക്ക് അകത്തുള്ള ഹീമോപോയിറ്റിക് സ്റ്റെംസെൽസ് എന്ന പ്രത്യേകതരം കോശങ്ങളിൽ നിന്നുമാണ് ഉല്പാദിപ്പിക്കപ്പെടുന്നത്.

ഏതെങ്കിലും രോഗമോ അല്ലെങ്കിൽ ചികിത്സയുടെ ഭാഗമായോ ഈ സ്റ്റെംസെൽസ് നശിച്ചുപോകുമ്പോൾ ശരീരത്തിനു പുറത്തു നിന്നും പുതിയ സ്റ്റെം സെൽസ് നശിച്ചുപോയ കോശങ്ങൾക്ക് പകരമായി നമ്മുടെ ബോൺ മാരോയിൽ നിക്ഷേപിക്കുന്നു. ഈ സ്റ്റെംസെൽസിനെ വളർത്തിയെടുത്ത് മജ്ജയുടെ പ്രവർത്തനം സാധാരണരീതിയിൽ എത്തിക്കുന്നതിനെയാണ് ബോൺ മാരോ ട്രാൻസ്പ്ലാന്റ് എന്നു വിളിക്കുന്നത്. മലയാളത്തിൽ മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ എന്നും അറിയപ്പെടുന്നു. എന്നാൽ മജ്ജ പൂർണ്ണമായും മാറ്റിവെയ്ക്കാതെ സ്റ്റെം സെൽസ് മാത്രം മാറ്റിവെയ്ക്കുന്നതിനാൽ ഇതിന്റെ ശരിയായ പേര് സ്റ്റെംസെൽ ട്രാൻസ്പ്ലാന്റ് എന്നാണ്.

**മജ്ജ മാറ്റിവെയ്ക്കൽ ശസ്ത്രക്രിയ**

രണ്ടു രീതിയിലാണ് ബോൺ മാരോ ട്രാൻസ്പ്ലാന്റ് അഥവാ സ്റ്റെംസെൽ ട്രാൻസ്പ്ലാന്റ് നടക്കുന്നത്. രോഗിയുടെ തന്നെ സ്റ്റെം സെൽസ് ഉപയോഗിച്ചാണ് ബോൺമാരോ ട്രാൻസ്പ്ലാന്റ് നടത്തുന്നതെങ്കിൽ അതിനെ Autologous Transplant ട്രാൻസ്പ്ലാന്റ് എന്നും മറ്റൊരാളുടെ സ്റ്റെം സെൽസ് ആണ് ഉപയോഗിക്കുന്നതെങ്കിൽ അതിനെ Allogenic Transplant ട്രാൻസ്പ്ലാന്റ് എന്നുമാണ് വിളിക്കുന്നത്. മൾട്ടിപ്പിൾ Multiple Myeloma, Leukemia എന്നീ കാൻസറുകൾക്കാണ് പ്രധാനമായും ബോൺമാരോ ട്രാൻസ്പ്ലാന്റ് അല്ലെങ്കിൽ സ്റ്റെം സെൽ ട്രാൻസ്പ്ലാന്റ് പ്രയോജനപ്പെടുന്നത്. വളരെ ഉയർന്ന തോതിൽ കീമോ തെറാപ്പിയോ റേഡിയോ തെറാപ്പിയോ നൽകുമ്പോൾ ശരീര

ത്തിലെ കാൻസർ കോശങ്ങൾ പൂർണ്ണമായും നശിപ്പിക്കപ്പെടുന്നു. എന്നാൽ അതിനൊടൊപ്പം ബോൺ മാരോ അല്ലെങ്കിൽ സ്റ്റെം സെൽസും നശിപ്പിക്കപ്പെടുന്നു. ഇങ്ങനെ നശിക്കുന്ന സ്റ്റെം സെൽസിനു പകരമായി പുറത്തുനിന്നും സ്റ്റെം സെൽ നൽകി ബോൺ മാരോയെ പുനരുജ്ജീവിപ്പിക്കുന്നുതിനെയാണ് കാൻസർ ചികിത്സയിൽ ബോൺ മാരോ ട്രാൻസ്പ്ലാന്റ് എന്ന് വിളിക്കുന്നത്.

**ബോൺ മാരോ ട്രാൻസ്പ്ലാന്റ് എങ്ങനെയാണ് നടക്കുക.**

Autologous ട്രാൻസ്പ്ലാന്റിൽ ചില പ്രത്യേക മരുന്നുകൾ രോഗികൾക്ക് നൽകി അവരുടെ ബോൺമാരോയെ ഉത്തേജിപ്പിക്കുന്നതാണ് ഈ പ്രക്രിയയിലെ ആദ്യപടി. ഇതുവഴി ബോൺ മാരോയിൽ കൂടുതലായി ഉണ്ടാകുന്ന സ്റ്റെം സെൽസ് രക്തത്തിൽ കലരുന്നു. ഇത് എഫെറെസിസ് (പ്ലേറ്റ്ലെറ്റുകൾ അല്ലെങ്കിൽ വെളുത്ത രക്താണുക്കൾ പോലുള്ള രക്തത്തിന്റെ ഒരു ഭാഗം വേർതിരിച്ചെടുക്കുകയും ബാക്കിയുള്ള രക്തം ദാതാവിന് തിരികെ നൽകുകയും ചെയ്യുന്ന പ്രക്രിയ) എന്ന പ്രക്രിയ വഴി ഏതാണ്ട് രക്തദാതാവിന്റെ രക്തം എടുക്കുന്നതുപോലെ ശേഖരിച്ച് ഫ്രീസ് ചെയ്ത് സൂക്ഷിക്കുന്നു. അതിനുശേഷം ഹെവിഡോസ് കീമോ തെറാപ്പിയോ, റേഡിയോ തെറാപ്പിയോ നല്കി രോഗിയിലെ കാൻസർ കോശങ്ങളെ നശിപ്പിക്കുന്നു. അതോടൊപ്പം ശരീരത്തിലെ ബോൺമാരോയും പൂർണ്ണമായി നശിച്ചുപോകുന്നു. തുടർന്ന് നമ്മൾ നേരത്തെ ശേഖരിച്ചു വെച്ചിരിക്കുന്ന സ്റ്റെം സെൽസ് സാധാരണ രക്തം നൽകുന്നതു പോലെ തന്നെ ശരീരത്തിലേക്ക് കടത്തി വിടുന്നു. ഇത് നശിച്ചു പോയ സ്റ്റെം സെൽസിനു പകരമായി ബോൺ മാരോയിൽ പറ്റിപ്പിടിച്ചു വളരുന്നു.

Allogenic ട്രാൻസ്പ്ലാന്റിൽ മറ്റൊരാളുടെ സ്റ്റെം സെൽസ് ആണ് ഉപയോഗിക്കുക. എഫെറെസിസ് എന്ന പ്രക്രിയ വഴി അതായത്, Autologous ട്രാൻസ്പ്ലാന്റിലെ പോലെ തന്നെ ദാതാവിന് മരുന്നു നൽകി സ്റ്റെം സെൽസിനെ രക്തത്തിൽ കൊണ്ടുവന്ന് എഫെറെസിസ് എന്ന പ്രക്രിയ വഴി സ്റ്റെം സെൽസിനെ വേർതിരിക്കുന്നു. എന്നാൽ ഇതിനുള്ള കടമ്പ എന്നത് രോഗിയും ദാതാവും HLA മാച്ചിംഗ് ആയിരിക്കണം എന്നതാണ്. അതായത് അവരുടെ കോശങ്ങൾ തമ്മിൽ പരസ്പരം ചേരുന്നതായിരിക്കണം. അങ്ങനെ അല്ലെങ്കിൽ മരണംവരേയും സംഭവിക്കാം.

വളരെ സങ്കീർണ്ണമായ ഒരു പ്രക്രിയ ആണ് ബോൺ മാരോ ട്രാൻസ്പ്ലാന്റ്. വളരെ പരിചയ സമ്പന്നരായ ഒരു ടീമിന്റെയൊപ്പം വളരെ ഉയർന്ന ആശുപത്രി ക്രമീകരണങ്ങൾ കൂടി ഉണ്ടായാൽ മാത്രമേ ഈ പ്രക്രിയ വിജയകരമാകുകയുള്ളൂ.

ഹെവിഡോസ് കീമോ തെറാപ്പിക്കുശേഷം നമ്മുടെ വെളുത്ത രക്താണുക്കളുടെ കൗണ്ട് ഏതാണ്ട് പൂജ്യം ആകും. അതിനുശേഷം, വളരെ സാവധാനമാണ്, ഏതാണ്ട് ഒരാഴ്ച കൊണ്ടാണ് ഈ കൗണ്ട് നോർമൽ ആകുന്നത്. ഈ സമയത്ത് ശരീരത്തിൽ ഏതെങ്കിലും അണുബാധ ഉണ്ടായാൽ മരണം വരെ സംഭവിക്കാം. അതുകൊണ്ട് തന്നെ വളരെ കരുതലുകൾ എടുത്താണ് ആ ദിവസങ്ങളിൽ രോഗികളെ പരിചരിക്കുന്നത്. ഐ.സി.യു.വിൽ കയറുന്നവരും അണുബാധ സാധ്യത കുറയ്ക്കാൻ പ്രത്യേക വസ്ത്രങ്ങളാണ് ഉപയോഗിക്കുന്നത്. അതുപോലെ സങ്കീർണ്ണമായ പല ഘട്ടങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ ബോൺ മാരോ ട്രാൻസ്പ്ലാന്റ് വിജയകരമാകുകയുള്ളൂ.

Umbilical Cord Blood Transplant എന്നതുകൂടി പരിചയപ്പെടാം. കുട്ടി ഉണ്ടാകുന്ന സമയത്ത് പൊക്കിൾകൊടി മുറിക്കുമ്പോൾ അതിൽനിന്നും കുറച്ച് രക്തം ശേഖരിച്ച് ഫ്രീസ് ചെയ്ത് സൂക്ഷിക്കുന്നു. ഈ രക്തത്തിൽ ധാരാളം സ്റ്റെം അടങ്ങിയിരിക്കുന്നു. ഇതുപയോഗിച്ച് HLA Matched ആയവർക്ക് ട്രാൻസ്പ്ലാന്റ് നടത്താം. സ്റ്റെം സെൽസിന് പലരീതിയിലുള്ള കോശങ്ങൾ ആയി വളരാൻ കഴിവുണ്ട്. അതുകൊണ്ട് ഭാവിയിൽ ഇത് ഉപയോഗിച്ച് പല രോഗങ്ങളുടേയും ചികിത്സയും സാധ്യമാവും എന്ന് ശാസ്ത്രജ്ഞർ വിശ്വസിക്കുന്നു.




# അഭിനന്ദനങ്ങൾ

ശ്രീലങ്കയിലെ കൊളംബോയിൽ നടന്ന
അന്താരാഷ്ട്ര സ്കേറ്റിംഗ് റോൾ ബോൾ
ചാമ്പ്യൻഷിപ്പ് സബ്ജൂനിയർ വിഭാഗത്തിൽ
ഗോൾഡ് മെഡൽ നേടിയ
ഇന്ത്യൻ ടീമിലെ അംഗമായ

**ലെവിൻ ലിയോണിന്**

## അഭിനന്ദനങ്ങൾ

*(നമ്മുടെ ഇടവക സെന്റ് തോമസ് കുടുംബകൂട്ടായ്മ അംഗമായ തെക്കേക്കര ലിയോൺ ജോർജ്ജിന്റേയും അനിയുടേയും മകനാണ്)*


28 Th
ANNIVERSARY
11-01-2023
Joseph V. James
Reenu Joseph
A.K.G. Road
KUNNAMKULAM
Sharing Happiness : Sonya & Tanya



19th
Anniversary
CELEBRATION
25-01-2023
P.K. Ronald &
Shoby Ronald
Pulikkottil House
Kanippayoor - Kunnamkulam
With Best Compliments From
Alphin P. Ronald
Ashlin P. Ronald




ഏവർക്കും തിരുനാൾ ആശംസകൾ
സെന്റ് ജോസഫ്
കുടുംബകൂട്ടായ്മ
14–01–2023 ശനി ഉച്ചക്ക് 2 മണി മുതൽ
ഗുരുവായൂർ റോഡിന്റെ ഹൃദയവീഥികളിലൂടെ
ചെണ്ടമേളം

**സെന്റ് ആന്റണീസ് കുടുംബകൂട്ടായ്മയിൽ വി.സി. ജോസിയുടെ ഭവനത്തിൽ റവ. ഫാ. മെഫിൻ കണ്ണനായ്ക്കൽ OFM Cap. അർപ്പിച്ച വിശുദ്ധ കുർബാന**






**സെന്റ് തോമസ് കുടുംബകൂട്ടായ്മയിൽ എൻ.ജെ. ജെയ്മോന്റെ ഭവനത്തിൽ റവ. ഫാ. ദാവീദ് വിതയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാന**






## സെന്റ് സേവ്യർ കുടുംബകൂട്ടായ്മയിൽ തോംസൺ തച്ചിലിന്റെ ഭവനത്തിൽ റവ. ഫാ. ദാവീദ് വിതയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാന





## സെന്റ് ജോസഫ് കുടുംബകൂട്ടായ്മയിൽ പേൾജു ബി. ചുങ്കത്തിന്റെ ഭവനത്തിൽ റവ. ഫാ. ദാവീദ് വിതയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാന





**മേരിമാത കുടുംബകൂട്ടായ്മയിൽ ഡോ. സിജു ജോസിന്റെ ഭവനത്തിൽ
റവ. ഫാ. ദാവീദ് വിതയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാന**






**സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മയിൽ സി.ജെ. പോളിന്റെ ഭവനത്തിൽ
റവ. ഫാ. ദാവീദ് വിതയത്തിൽ അർപ്പിച്ച വിശുദ്ധ കുർബാന**










# ക്രിസ്തുമസ് ആഘോഷങ്ങൾ




2nd Death Anniversary
02-01-2023
Born
4/4/1940
Rosily Augestin
Died
02/01/21
W/o. Alikkal Augestin
Alikkal house - Chiralayam
SORROWING FAMILY

## സ്മരണാഞ്ജലി





# 1-ാം
# ചരമവാർഷികം

05 - 01 - 2023

# വലിയവീട്ടിൽ
# അന്തോണി
# മോൺസി

| ജനനം | മരണം |
| --- | --- |
| 09 – 03 – 1957 | 05 – 01 – 2022 |

സന്തപ്ത കുടുംബാംഗങ്ങൾ

---

## ഏവർക്കും തിരുനാൾ ആശംസകൾ



# മേരി മാതാ
# കുടുംബകൂട്ടായ്മ

14 – 01 – 2023 ശനി ഉച്ചക്ക് 2 മണി മുതൽ
തൃശൂർ റോഡിന്റെ ഹൃദയവീഥികളിലൂടെ



# ബാന്റ്
# മേളം

# ഇന്ന് സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനം



ആനന്ദി സുനിൽ

സമൂഹത്തിൽ സ്ത്രീകളുടെ സ്ഥാനവും പദവിയും കാലാകാലങ്ങളിൽ മാറിക്കൊണ്ടിരിക്കുന്നു. പ്രാചീന ഇന്ത്യയിൽ സ്ത്രീയെ ഒരു ദേവതയായി കണക്കാക്കിയിരുന്നു. സ്ത്രീ ഇല്ലാതിരുന്നിടത്ത് മതപരമോ സാമൂഹികമോ ആയ ഒരു ചടങ്ങും ശുഭകരമായി കണക്കാക്കപ്പെട്ടിരുന്നില്ല. അവളെ മനുഷ്യന്റെ 'അർദ്ധാംഗിനി' (നല്ല പകുതി) എന്ന് വിളിച്ചിരുന്നു. അവൾക്ക് സമൂഹത്തിൽ സാമാന്യം ഉയർന്ന പദവി ഉണ്ടായിരുന്നു.

ബ്രിട്ടീഷ് ഭരണാധികാരികളും സ്ത്രീകളുടെ നിലവാരം ഉയർത്താൻ കൃത്യമായ നടപടികളൊന്നും സ്വീകരിച്ചില്ല. സ്വാതന്ത്ര്യത്തിന്റെ ഉദയത്തോടെ മാത്രമാണ് സ്ത്രീകളുടെ സ്ഥാനവും പദവിയും മെച്ചപ്പെട്ടത്. നമ്മുടെ ദേശീയ നേതാക്കൾ സ്ത്രീ വിമോചനത്തിനായി പ്രവർത്തിക്കാൻ തുടങ്ങി. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അവർക്ക് അർഹമായ സ്ഥാനം ലഭിച്ചു. ലൈംഗികതയുടെ അടിസ്ഥാനത്തിനുള്ള വിവേചനം പഴയ കാര്യമായി മാറി.

ഇതിന്റെയെല്ലാം ഫലമായി ആ സ്ത്രീ തന്റെ വീടിന്റെ നാല് ചുവരുകൾ തകർത്ത് ജീവിതത്തിൽ മുന്നേറാൻ തുടങ്ങി. അവൾ ലോകമെമ്പാടുമുള്ള സ്ത്രീകളുടെ പ്രതിഭാസത്തിൽ ചേർന്നു. വാസ്തവത്തിൽ അവൾ പലമേഖലകളിലും മനുഷ്യനെ വളരെ പിന്നിലാക്കി. നമുക്ക് വനിതാ നിയമസഭാംഗങ്ങൾ, വനിതാ മന്ത്രിമാർ, അംബാസിഡർമാർ, ഡോക്ടർമാർ, അഭിഭാഷകർ, അധ്യാപകർ, ഓഫീസർമാർ എന്നിവരുണ്ട്. സഹ വിദ്യാഭ്യാസത്തിന്റെ പ്രോത്സാഹനത്തോടെ, ആധുനിക പെൺകുട്ടികൾ പഴയ സമുച്ഛയങ്ങൾ വലിച്ചെറിഞ്ഞു. അവർ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആൺകുട്ടികളുമായി തോളോട് തോൾ ചേർന്ന് നീങ്ങുന്നു.

ഒരു ആധുനിക പെൺകുട്ടി സമൂഹത്തിലെ തന്റെ സ്ഥാനത്തേയും പ്രാധാന്യത്തേയും കുറിച്ച് ബോധവതിയാണ്. അവൾ ഇപ്പോൾ സമൂഹത്തിലെ ഒരു ഊമ പശുവല്ല. അവൾ ആൺകുട്ടികളോടും ജീവിതത്തിന്റെ എല്ലാ മേഖലകളോടും മത്സരിക്കുന്നു. അവൾ ആത്മവിശ്വാസം നിറഞ്ഞവളാണ്. പാവപ്പെട്ട മാതാപിതാക്കൾക്ക് ജനിച്ച ഒരു പെൺകുട്ടി അവളുടെ ആവശ്യങ്ങൾ വെട്ടിക്കു

റയ്ക്കുന്നില്ല. അവളും അവളുടെ സമ്പന്നരായ സുഹൃത്തുക്കളെപ്പോലെ ജീവിതം ആസ്വദിക്കാൻ ആഗ്രഹിക്കുന്നു.

പഴയ കാലത്ത് ഒരു സ്ത്രീക്ക് അവളുടെ ജീവിതകാലം മുഴുവൻ അവളുടെ മാതാപിതാക്കളേയോ ഭർത്താവിനെയോ മക്കളെയോ ആശ്രയിക്കേണ്ടിവന്നു. എന്നാൽ ആധുനികതപോലും ഒരു പക്ഷിയെപ്പോലെ സ്വതന്ത്രമാണ്. അവൾ ഇനി മറ്റുള്ളവരെ ആശ്രയിക്കുന്നില്ല. വിദ്യാഭ്യാസം അവളുടെ പദവി ഉയർത്തി. അവൾ സ്വയം പിന്തുണയ്ക്കാൻ ആഗ്രഹിക്കുന്നു. അവൾ ഏതെങ്കിലും തൊഴിലിൽ പ്രവേശിക്കാൻ ഇഷ്ടപ്പെടുന്നു. അവൾ തനിച്ചായിരിക്കാനോ അവിവാഹിതയാകാനോ ആഗ്രഹിക്കുന്നു എന്നല്ല ഇതിനർത്ഥം. മാന്യമായ പദവി ലഭിക്കാൻ അവൾ ആഗ്രഹിക്കുന്നു. ഊമയായി ഓടിക്കുന്ന കന്നുകാലിയാകാൻ അവൾ ഇഷ്ടപ്പെടുന്നില്ല.


സ്വാതന്ത്ര്യം നല്ലതാണെങ്കിലും അമിതമായ സ്വാതന്ത്ര്യം മോശമാണ്. ആധുനിക പെൺകുട്ടി സ്വയം പാശ്ചാത്യവൽക്കരിക്കാൻ പാടില്ല. കിഴക്കിന്റെ ഏറ്റവും മികച്ചത് നഷ്ടപ്പെടാതെ പടിഞ്ഞാറിന്റെ ഏറ്റവും മികച്ചത് മാത്രം അവൾ പകർത്തണം. ഇന്ത്യൻ സ്ത്രീകളുടെ മഹത്തായ പാരമ്പര്യങ്ങൾ അവൾ മറക്കരുത്. അവളുടെ പരിമിതമായ സ്വാതന്ത്ര്യം തെറ്റായി നിലനിർത്താൻ ആരും ആഗ്രഹിക്കുന്നില്ല.

സ്ത്രീക്കും പുരുഷനും എല്ലാ മേഖലകളിലും തുല്യരീതികളിൽ പണിയെടുക്കുന്നതിനു സാധ്യമായ രീതിയിൽ ഇന്ന് സാങ്കേതിക വിദ്യ വളർന്നിട്ടുണ്ട്. അതുപോലെതന്നെ ആത്മീയമായും മാനസികമായും സ്ത്രീക്കും പുരുഷനൊപ്പം തുല്യനിലയിൽ പങ്കെടുക്കാനുള്ള അവസരം ലഭ്യമാകണം. അപ്പോൾ മാത്രമാണ് മാനവരാശി വികസനത്തിന്റെ കൊടുമുടിയിൽ എത്തുക. സ്ത്രീകൾ മറ്റൊരാളുടെ ജീവിതത്തിലേക്കുള്ള അടിക്കുറിപ്പല്ല. മറിച്ച് സ്വതന്ത്രമായ ഇച്ഛാശക്തിയുള്ള നിർഭയരും ശക്തരുമായ മനുഷ്യരാണ്.



## അഭിനന്ദനങ്ങൾ

മറ്റം ഫൊറോന കുടുംബകൂട്ടായ്മ കേന്ദ്രസമിതി
ജോ. കൺവീനറായി തെരഞ്ഞെടുത്ത
**തെക്കേക്കര ലിയോൺ ജോർജ്ജിന്**
**അഭിനന്ദനങ്ങൾ**



# ബൈബിളിലൂടെ

ഡേവി

പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവർ അറിയുന്നില്ല; ഇവരോട് ക്ഷമിക്കണമേ. (ലൂക്ക 23:24)

യേശു മരണാസന്നനായി കുരിശിൽ കിടന്നുകൊണ്ട് പറഞ്ഞ വാക്കുകളാണിത്. ഒരു സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇത്തരമൊരു സാചര്യത്തിൽ ഇങ്ങനെ പറയാൻ സാധിച്ചെന്ന് വരികയില്ല. ഒരു കുറ്റവും ചെയ്യാതെ ഇത്രയും മാരകമായ പീഢകളേറ്റുകൊണ്ട് മരണത്തോടടുത്തു നിൽക്കുമ്പോൾ ഇങ്ങനെ പറയാൻ സാധിക്കുകയെന്നതുതന്നെ ഒരു അത്ഭുതമാണ്. ഇതിങ്ങനെയെല്ലാം സംഭവിക്കും എന്നറിഞ്ഞുകൊണ്ട് ഇങ്ങനെയൊരു മരണത്തിന് ഒരുക്കമായിക്കൊണ്ടുതന്നെയാണ് യേശു ഈ ഭൂമിയിൽ പിറവിയെടുത്തത്.

മനുഷ്യനിൽ ഉറഞ്ഞുകൂടി കിടക്കുന്ന ഞാനെന്ന ഭാവവും സ്വാർത്ഥത നിറഞ്ഞ മനസ്സുമാണ് ഈ ഭൂമിയിലെ ഒരുവിധം എല്ലാ പ്രശ്നങ്ങളുടേയും കേന്ദ്രബിന്ദു. രാജ്യങ്ങൾ തമ്മിലും മതങ്ങൾ തമ്മിലും വർഗ്ഗവർണ്ണ ചേരിതിരിവുകൾ തമ്മിലുള്ള സംഘർഷങ്ങൾക്ക് ഒരു പ്രധാന കാരണം ഈ ഞാനെന്ന ഭാവമാണ്. ഈ ഞാനെന്ന ഭാവം മനുഷ്യനെ കീഴടക്കിയില്ലായിരുന്നുവെങ്കിൽ ഈ ലോകം എത്ര വ്യത്യസ്ഥമായേനേ? ഉല്പത്തി പുസ്തകത്തിൽ ആദത്തേയും ഹവ്വയേയും തന്റെ കെണിയിൽ വീഴ്ത്താൻ സർപ്പം പ്രയോഗിക്കുന്ന തന്ത്രവും ഇതുതന്നെ. വിലക്കപ്പെട്ട ആ വൃക്ഷത്തിന്റെ പഴം ഭക്ഷിച്ചാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും എന്നു പറഞ്ഞുകൊണ്ടാണ് സർപ്പം ഹവ്വയെ ആ പഴം തീറ്റിച്ചത്. സൃഷ്ടാവായ ദൈവത്തെപ്പോലെയാകാനുള്ള ആഗ്രഹമാണ് ഹവ്വയെ സർപ്പത്തിന്റെ വാക്ക് അനുസരിക്കാൻ പ്രേരിപ്പിച്ചത്. ആത്മീയ മേഖലയിലായാലും ഭൗതിക മേഖലയിലായാലും ഈ ഞാനെന്ന ഭാവം വളരെ സങ്കീർണ്ണമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അധികാരം, പ്രശസ്തി, അംഗീകാരം ഇതെല്ലാം ഞാനെന്ന ഭാവത്തെ ഉദ്ദീപിപ്പിക്കുന്ന ഘടകങ്ങളാണ്. ലോകത്ത് വർദ്ധിച്ചുവരുന്ന അക്രമങ്ങളും കൊലപാതകങ്ങളും, ജാതിയുടേയും മതത്തിന്റേയും കക്ഷിരാഷ്ട്രീയത്തിന്റേയും പേരിൽ നടക്കുന്ന സംഘട്ടനങ്ങളുമെല്ലാം ഇതിന്റെ പ്രതിഫലനമാണ്. ഞാനാണ് ശരി, ഞങ്ങളാണ് ശരി, ഞങ്ങൾ മാത്രമാണ് ശരി, എന്ന ചിന്താഗതിയാണ് ഇത്തരം പ്രശ്നങ്ങളുടെ കേന്ദ്രബിന്ദു.

ശീലങ്ങളും ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യരിൽ സൃഷ്ടിക്കുന്നത് ഒരുതരം മാനസിക അടിമത്തമാണ്. യേശുവിനെ

കുരിശിൽ തറയ്ക്കാൻ മുൻകയ്യെടുത്ത യഹൂദപ്രമാണികൾക്കും അതിനു പ്രേരകമായത്, യേശുവും ശിഷ്യരും തങ്ങൾ ആചരിച്ചുവരുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും കൃത്യമായി പാലിക്കുന്നില്ല എന്ന ചിന്താഗതിയാണ്. അവർ പ്രതീക്ഷിച്ചിരുന്ന തരത്തിലുള്ള ഒരു രക്ഷകനെ അവർക്ക് യേശുവിൽ കാണാൻ കഴിഞ്ഞില്ല. അവർ പ്രതീക്ഷിച്ചിരുന്നത് സർവ്വ പ്രതാപത്തോടും ഐശ്വര്യത്തോടും കൂടിയ ഉന്നതകുലജാതനായ, രാജകുടുംബത്തിലോ, പ്രഭുകുടുംബത്തിലോ മറ്റോ പിറവിയെടുക്കുന്ന ഒരു രക്ഷകനെയായിരുന്നു. അവരുടെ പ്രതീക്ഷയുടെ നാലയലത്തുപോലും വരാത്ത, ഒരു നിർദ്ധന കുടുംബത്തിൽ പിറന്ന ഒരു മരാശാരിയുടെ മകനെ അവർ എങ്ങനെ സ്വീകരിക്കും? യേശുവിൽ എന്തെല്ലാം കഴിവുകളും മേന്മകളും ഉണ്ടെങ്കിലും യേശുവിനെ അംഗീകരിക്കാൻ അവർ തയ്യാറാകാതിരുന്നതിന്റെ ഒരു കാരണം യേശുവിന്റെ കുടുംബ പശ്ചാത്തലമാണ്. അതുപോലെതന്നെ അന്നത്തെ കാലത്ത് യഹൂദരുടെ ഇടയിൽ നിലനിന്നിരുന്ന പല ആചാരങ്ങളും അനുഷ്ഠാനങ്ങളും യേശുവും ശിഷ്യരും കൃത്യമായി പാലിച്ചിരുന്നില്ല എന്നതും ഒരു കാരണമാണ്. സമൂഹത്തിന്റെ താഴെ തട്ടിലുള്ള സമരിയാക്കാരും അതുപോലുള്ള മറ്റു ജനവിഭാഗങ്ങളുമായും യേശു വളരെ സൗഹാർദ്ദപരമായി ഇടപഴകിയിരുന്നു. അവരോടുള്ള പെരുമാറ്റത്തിൽ യേശു ഒരു വേർതിരിവും കാണിച്ചിരുന്നില്ല. എല്ലാ ജനവിഭാഗങ്ങളേയും സമഭാവനയോടെയാണ് യേശു വീക്ഷിച്ചിരുന്നത്. യേശുവിന്റെ ഈ സമീപനമാണ് യഹൂദപ്രമാണികളേയും ഫരിസേയരേയുമെല്ലാം ചൊടിപ്പിച്ചത്.

യേശു പോകുന്നിടത്തെല്ലാം വലിയൊരു ജനകൂട്ടം യേശുവിനെ അനുഗമിച്ചിരുന്നു. രണ്ടായിരം വർഷങ്ങൾക്കു മുമ്പ് യേശുവിനെ ശ്രവിക്കാനും അത്ഭുത പ്രവൃത്തികൾ കാണാനുമായി മുപ്പതിനായിരമോ നാല്പതിനായിരമോ ആളുകൾ വന്നുകൂടുകയെന്നുപറഞ്ഞാൽ യേശുവിന് ജനങ്ങൾക്കിടയിലുള്ള സ്വാധീനം എത്രയുണ്ടെന്ന് മനസ്സിലാക്കാം. 2000 വർഷങ്ങൾക്കുമുമ്പ് ലോക ജനസംഖ്യതന്നെ ഏതാനും കോടികളിൽ ഒതുങ്ങുമായിരുന്നു. യേശു രണ്ടുതവണ അപ്പം വർദ്ധിപ്പിച്ചപ്പോഴും സ്ത്രീകളും കുട്ടികളും ഒഴികെ 4000, 5000 പുരുഷന്മാർ ഉണ്ടായിരുന്നു എന്നാണ് വിശുദ്ധ ഗ്രന്ഥത്തിൽ പറയുന്നത്. അപ്പോൾ സ്ത്രീകളേയും കുട്ടികളേയും കൂടി ഉൾപ്പെടുത്തിയാൽ ആ സംഖ്യ എത്ര വലുതായിരിക്കുമെന്ന് ഊഹിക്കാമല്ലോ. ജനങ്ങൾക്കിടയിൽ യേശുവിനുള്ള ഈ സ്വാധീനം യഹൂദപ്രമാണികളെ അസ്വസ്ഥരാക്കി. യാതൊരുവിധ വാഹന സൗകര്യങ്ങളോ നല്ല റോഡുകളോ ഇല്ലാതിരുന്ന അക്കാലത്ത് ഇത്രയും ജനങ്ങൾ ഒരു പക്ഷെ ദിവസങ്ങൾ നീണ്ട യാത്രക്കുശേഷമാകണം യേശുവിന്റെ അരികിലെത്തുന്നത്.





15-ാം
ചരമവാർഷികം
30-01-2023

# കെ.സി. ജോർജ്ജ്

കുറ്റിക്കാട്ട് ഹൗസ്
ചിറളയം

ഓർമ്മകളോടെ... കുടുംബാംഗങ്ങൾ



പാവനസ്മരണയ്ക്ക്
12-ാം
ചരമവാർഷികം
07-01-2023

കല്ലച്ചൻമുറി
പൈലി

# കുഞ്ഞീല

ചിറളയം



സ്നേഹസ്മരണകളോടെ
മക്കൾ, മരുമക്കൾ, പേരക്കുട്ടികൾ


തിരുനാൾ ആശംസകൾ
കുന്നംകുളം
സെന്റ് സെബാസ്റ്റ്യൻസ് കാത്തലിക് ചർച്ച്
ഗായകസംഘം


ഏവർക്കും തിരുനാൾ ആശംസകൾ
സെന്റ് ജോർജ്ജ്
കുടുംബകൂട്ടായ്മ
14–01–2023 ശനി
ഉച്ചക്ക് 2 മണി മുതൽ
ചെണ്ടമേളം

ചിൽഡ്രൻസ് കോർണർ

# നിറം കൊടുക്കാമോ

**ഈ ചിത്രത്തിന് നിറം കൊടുത്ത് പേരും,ക്ലാസ്സും, യൂണിറ്റും, ഫോൺ നമ്പറും എഴുതി ടച്ച്മീ ബോക്സിൽ 15-ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക**

**(ഈ മത്സരം 7-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)**



പേര് : ........................................................................ ക്ലാസ്സ് : ....................

കുടുംബകൂട്ടായ്മ : .................................... ഫോൺ നമ്പർ :..............................


**കഴിഞ്ഞ ലക്കം നിറം കൊടുക്കാമോ വിജയി**

Le Reine Pius, STD : VI , St. Thomas Kudumba Koottayma

ചിൽഡ്രൻസ് കോർണർ

# ചിത്രശാല

ചിത്രരചന ലളിതമായി... ഘട്ടംഘട്ടമായി...



ചിൽഡ്രൻസ് കോർണർ

# അടിക്കുറിപ്പ് മത്സരം

**ഈ ചിത്രത്തിന് അടിക്കുറിപ്പെഴുതി പേരും, ക്ലാസ്സും, യൂണിറ്റും ഫോൺ നമ്പറും എഴുതി ടച്ച് മീ ബോക്സിൽ 15–ാം തിയ്യതിക്ക് മുമ്പായി നിക്ഷേപിക്കുക**

(ഈ മത്സരം 7–ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രം)



പേര് : .............................................................................................................. ക്ലാസ്സ് : .......................

കുടുംബകൂട്ടായ്മ: ............................................... ഫോൺ നമ്പർ :..................................



**കഴിഞ്ഞ ലക്കം അടിക്കുറിപ്പ് മത്സരം വിജയി**

**Angel C.J.**

Std : II, St. Antony's Kudumbakoottayma

"ഇതല്ല, ഇതിനപ്പുറവും
പൊക്കിയവരാണ് ഞങ്ങൾ"

# വചന കലണ്ടർ

## 2023 ജനുവരി JANUARY

| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| **1**<br>ഉത്പ 17:1–14<br>ഏശ 43:1–7<br>ഫിലി 2:5–11<br>മത്താ 1: 18–25 | **2**<br>എഫേ 4:7–12<br>മത്താ 6:16–21 | **3**<br>ഉത്പ 12:1–4<br>ഏശ 44:1–4<br>1 പത്രോ 4:12–19 | **4**<br>2 കോറി 12:6–10<br>യോഹ 6:16–24 | **5**<br>ശ്ലീഹ 3:20–26<br>മത്താ 4:12–17 | **6**<br>സംഖ്യ 24:15–25<br>ഏശ 11:1–5<br>തീത്തോ 3:1–7<br>മത്താ 3:13–17 | **7**<br>റോമ 9:30–33<br>യോഹ 10:31–39 |
| **8**<br>പുറ 3:1–12<br>ഏശ 44:28–45:4<br>2 തിമോ 3:10–15<br>ലൂക്കാ 4:16–22 | **9**<br>ശ്ലീഹ 14:8–15<br>യോഹ 14:1–6 | **10**<br>തീത്തോ 3:8–11<br>ലൂക്കാ 13:23–30 | **11**<br>1 കോറി 6:15–20<br>യോഹ 2:13–17 | **12**<br>1 കോറി 2:6–10<br>ലൂക്കാ 7:11–17 | **13**<br>ഏശ 40:1–8<br>ശ്ലീഹ 13:16–26<br>എഫേ 2:19–3:7<br>മർക്കോ 6:14–29 | **14**<br>റോമ 9:30–33<br>യോഹ 10:31–39 |
| **15**<br>സംഖ്യ 10:29–36<br>ഏശ 45:11–17<br>ഹെബ്രാ 3:1–6<br>യോഹ 1:14–18 | **16**<br>1 കോറി 11:17–22<br>യോഹ 17:20–26 | **17**<br>1 കോറി 12:12–18<br>യോഹ 15:1–10 | **18**<br>എഫേ 4:1–6<br>യോഹ 17:6–11 | **19**<br>1 പത്രോ 5:5–9<br>മർക്കോ 4:35–41 | **20**<br>നിയ 32:37–43<br>ഏശ 49:1–4,<br>2 തിമോ 2:1–5<br>മത്താ 10:24–33 | **21**<br>റോമ 10:10–20<br>മർക്കോ 1:21–28 |
| **22**<br>സംഖ്യ 11:11–20<br>ഏശ 45:18–46:4<br>ഹെബ്രാ 4:1–10<br>യോഹ 1:29–34 | **23**<br>1 യോഹ 5:1–5<br>ലൂക്കാ 12:4–12 | **24**<br>എഫേ 3:8–13<br>യോഹ 15:9–17 | **25**<br>പുറ 3:1–14<br>ശ്ലീഹ 9:1–22<br>1 കോറി 15:1–1<br>മത്താ 20:1–16 | **26**<br>2 സാമു 22:2–4<br>ജ്ഞാനം 7:28–8:3<br>1 തിമോ 6:11–16<br>മത്താ 16:24–27 | **27**<br>1 രാജാ 18:30–39<br>5:12–16<br>1 കോറി 4:9–16<br>മത്താ 10:1–15 | **28**<br>1 രാജാ 3:5–12<br>ജ്ഞാനം 7:7–14<br>കോറി 1:18–25<br>മത്താ 5:13–16 |
| **29**<br>സംഖ്യ 11:23–35<br>ഏശ 46:5–13<br>ഹെബ്രാ 7:23–28<br>യോഹ 2:1–11 | **30**<br>ഏശ 64:1–9<br>ഹബ്ബ 3:13–19<br>1 തിമോ 2:1–7<br>മത്താ 18:23–35 | **31**<br>1 സാമു 7:3–9<br>ഏശ 59:1–8<br>റോമാ 12:1–8<br>ലൂക്കാ 18:9–14<br>ഫിലി 4:4–8 | **1**<br>ജോയേ 2:15–19<br>യോനാ 3:1–10<br>റോമാ 9:19–29<br>മത്താ 6:1–4 | **2**<br>ലേവ്യ 12:1–8<br>ഏശ 42:1–7<br>റോമാ 9:30–10:4<br>ലൂക്കാ 2:22–38 | **3**<br>1 രാജാ 21:1–21<br>ശ്ലീഹ 7:54–60<br>2 കോറി 4:8–18<br>മത്താ 23:34–39 | **4**<br>1 കോറി 9:19–23<br>യോഹ 15:18–25 |

# Happy 42nd Anniversary

26-01-2023



## Thomson Thachil
## Joisy Thomson

Best Compliments From :

Madonna Thachil
Rev. Fr. Fidel Thachil SDB
Earnesto Thachil - Bhagyalakshmi
Reuben John Thachil
Esra John Thachil




T.T.DEVASSY JEWELLERY
SINCE 1941

KUNNAMKULAM

CALICUT ROAD, MOB: 94969 16000

www.ttdevassyjewllery.com ttdevassy



Published by : Chief Editor, Touchme, Kunnamkulam - for Private Circulation only
Printed at : Nirmala Hiprint Pvt. Ltd. Thrissur - Layout : Mcube Graphics KKM